90011

# "എല്ലാവരും ഒന്നാകേണ്ടതിന്."

(യോഹ. 17. 21.)

---

Arch

"പ്രാർത്ഥനാവാരം" പ്രമാണിച്ച്
തിരുവല്ലായിൽ നടന്ന
## പ്രസംഗ മഹായോഗത്തിൽ
പറഞ്ഞ രണ്ടു പ്രസംഗങ്ങൾ.
1916 ജനുവരി 19, 20.

DHARMARAM COLLEGE LIBRARY BANGALORE

---

## ഫാദർ പ്ലാസിഡ്, റി. ഒ. സി. ഡി.

---

The St. Joseph's Printing House, Tiruvalla.

വില ച. 4.

DHARMARAM COLLEGE LIBRARY
Ac. No. 41211
Call No. 271/P69 AR

*Nihil Obstat:*

Rev. Fr. Celestine T. O. C. D. }
Rev. Fr. Canisius T. O. C. D. } Censoes

Chethipuzhay.
16-2-1946.

*Imprimi Potest.*

V. Rev. Fr. John of Jesus Mary T. O. C. D
Prior General.

Ernakulam.
16-2-1946.

*Imprimatur.*

MOST REV. MAR SEVERIOS,
Ad. Apostolic of Tiruvalla

Tiruvalla,
16-2-1946.

# ഒരു പ്രസ്താവന.

## PRAYER FOR UNITY.

Sir,

May I ask you to allow me to draw the attention of your readers to the Church Unity Octave of Prayer for the restoration of Catholic unity and its advertisement in your paper to be observed once again from January 18 to 25?

It is Anglican in origin, and is not only supported by Eastern Orthodox and Western Evangelicals in considerable numbers, but has received the blessing, encouragement and active participation of recent occupants of the apostolic see including the persent Pope. We hope that the Octave will be more widely observed this year when many, who have seen with their own eyes the evils wrought by disunion among Christians will be able, on their return to civilian life, to help in its promotion.

The Octave is entirely devoted to prayer and instruction; and although in our prayer we do not lose sight of the *unity of all mankind* that our Lord died to secure the cheif objects of our prayers is the removal of obstacles which stand in the way of corporate reunion and of deep-seated prejudices which hinder the acceptance of our Lord's provision for the maintenance of unity in one *flock* under one shepherd.

+ Vibert Jackson,
Bishop President of the Church Unity
Octave Council

The Vicarage
South Ascot, Berks.

ഈ കത്തു് 1946 ജനുവരി നാലാം തിയതിയിലെ The Church Times ൽ ചേർത്തിരുന്നതാണു്.

സഭാപുനരൈക്യത്തിനു വേണ്ടിയുള്ള അഷ്ടദിന പ്രാർത്ഥനാവേളയിൽ മൂന്നു ദിവസങ്ങളിലായി നാല്പതു മണിക്കൂർ ആരാധനയും പ്രസംഗ മഹായോഗങ്ങളും തിരുവല്ല കത്തിടൽ പള്ളിയിൽ നടത്തി. ഒരു പ്രാസംഗികൻ പെ. ബ. പ്ലാസിഡച്ചൻ ആയിരുന്നു. അച്ചന്റെ പ്രസംഗം അച്ചടിപ്പിക്കാൻ എഴുതി തരണമെന്നു് നാം ആവശ്യപ്പെട്ടതനുസരിച്ചു് അച്ചൻ എഴുതിയതാണു ഈ ലഘുപുസ്തകം. ഇതു പോലെ ഇതിനു മുമ്പും അച്ചന്റെ പല പ്രസംഗങ്ങളും പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്.

പെ. ബ. പ്ലാസിഡച്ചനെ ആർക്കും പരിചയപ്പെടുത്തിക്കൊടുക്കേണ്ട ആവശ്യമില്ല. കേരളക്കരയിൽ എന്നല്ല, ഭാരതത്തിലും ലോകം മുഴുവനിലും അദ്ദേഹത്തിന്റെ പേരു് ഇതിനകം എത്തു് കഴിഞ്ഞിട്ടുണ്ടു്. "പഴയക്കൂർ" "പുത്തൻകൂർ" സുറിയാനിക്കാരുടെ യോജിപ്പു തന്റെ ഒരു ജീവിതലക്ഷ്യമായി അച്ചൻ എടുത്തിരിക്കുകയാണു. ഇതു് സംബന്ധിച്ചു് അച്ചൻ പല പുസ്തകങ്ങൾ എഴുതിയിട്ടുണ്ടു്. 'മാർപ്പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും', 'അന്ത്യോക്യ പാത്രിയർക്കീസു്'' 'പൌരസ്ത്യ സഭകൾ'! എഫേസൂസ് സൂന്നഹദോസും മാർപ്പാപ്പായും; കൂനൻ കുരിശിനു മുമ്പു്; ഇവ അവയിൽ ചിലതുമാത്രമാണു്.

ഈ പ്രസംഗങ്ങളുടെ പ്രതിപാദ്യവിഷയവും ഐക്യം തന്നെ. ഇതിനു ഒരു മുഖവുരയായിട്ടു് മുകളിൽ കൊടുത്തിരിക്കുന്ന കത്തു് എടുക്കാവുന്നതാണു് സഭാഐക്യ അഷ്ടദിന പ്രാർത്ഥനയുടെ അനുഷ്ഠാനത്തിന്റെ ഉത്ഭവം, ഉദ്ദേശം വളർച്ച, മുതലായവ ഈ കത്തിൽ നിന്നും മനസ്സിലാക്കാം.

സ്വാതന്ത്ര്യം, ദേശീയത്വം, ഇങ്ങിനെയുള്ള ആശയങ്ങൾ സഭാകാര്യങ്ങളിൽ മനുഷ്യനെ വഴിതെറ്റിക്കുന്നുണ്ടു്. നിങ്ങൾ ഒന്നായിരുന്നാൽ നിങ്ങൾ എനിക്കുള്ളവരാണെന്നു് ലോകം അറിയും ലോകം കാണുവാൻ തക്കവണ്ണം നിങ്ങൾ ഒന്നായിരിക്കണം; നിങ്ങൾ ഭിന്നിച്ചുപോകരുതു്; എന്നെല്ലാം കർത്താവു തന്റെ ശിഷ്യഗണത്തോടു് ആജ്ഞാപിക്കയും, തന്റെ ആടുകളേയും, കുഞ്ഞാടുകളേയും പെണ്ണാടുകളേയും വി. പത്രോസിനെ ഭരമേല്പിക്കയും ചെയ്തു. തന്റെ ഈ ശിഷ്യഗണവും, ഇവർ മുഖാന്തരം തന്നിൽ വിശ്വസിപ്പാനിരിക്കുന്ന സർവ്വരും ഒന്നായിരിക്കുന്നതിനു ഗൊഗുൽത്തായിലെ തന്റെ യാഗാർപ്പണത്തിനു അടുത്തു് മുൻപായി പിതാവായ ദൈവത്തോടു താൻ പ്രാർത്ഥിച്ചതും ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു, ദേശീയസഭകളും, സ്വാധിപത്യമുള്ള സ്വാതന്ത്ര്യസഭകളും, കർത്താവിന്റെ ഈ ആജ്ഞകൾക്കും, നിർദ്ദേശങ്ങൾക്കും, തന്റെ ഉള്ള

ഴിഞ്ഞുള്ള ഈ പ്രാർത്ഥനയും, എത്ര മാത്രം യോജിച്ചതാണെന്നു ചിന്തിക്കേണ്ടതാകുന്നു. ആരെങ്കിലും തന്നെത്താൻ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അവൻ അതിനെ നശിപ്പിക്കും എന്നുള്ള തിരുവചനം സ്വതന്ത്രവാദികൾ ഓർക്കട്ടെ. ആദാം അവന്റെ കണ്ണിന്റെയും ബുദ്ധിയുടെയും മനസ്സിന്റെയും സ്വാധിപത്യത്തിൽ സ്വാതന്ത്ര്യം തേടി. അവരിൽ അരാജകത്വം ഭവിച്ചതു് ഫലം. ജഡമോഹം കൺമോഹം ജീവിതത്തിന്റെ പ്രതാപം ഇവ മനുഷ്യനെ അടിമ ആക്കിയിരിക്കുന്നു. ലൂഥർ പറഞ്ഞു വേദപുസ്തകം ആർക്കും ഇഷ്ടാനുസരണം വ്യാഖ്യാനിക്കാമെന്നു. ഫലം എന്തു്? സ്വാധിപത്യം അനുസരിച്ചു് പ്രാദേശിക സഭകൾക്കു് സ്വാതന്ത്ര്യ. അകരമെന്നുവച്ചാൽ, ആവും തോടും കടലും അനുസരിച്ചു് സഭ സ്വാതന്ത്ര്യമായാൽ, കർത്താവു് സ്ഥാപിച്ച ഐക്യം എവിടെ? ഭിന്നിച്ചുപോകരുതെന്നു് ആർക്കു്, എങ്ങിനെ പറവാൻ സാധിക്കും. ദേശീയത്വം, സ്വാതന്ത്ര്യം ആദിയായ മണലിന്മേൽ അടിസ്ഥാനം ഇട്ടന്നതു പൊളിഞ്ഞുപോകും. കൊമ്പുകൾ തായിത്തടിയിൽ നിന്നാൽ ഫലം പുറപ്പെടുവിക്കും. മുറിക്കപ്പെട്ട കൊമ്പുകൾ എങ്ങിനെ എല്ലാം കൂട്ടികെട്ടിയാലും ജീവനുള്ള വൃക്ഷം ആകുകയില്ല.

നാം കാണുന്ന ഈ വിഭിന്നസഭകൾക്കു്, ഇന്നു് ജീവനോടിരിക്കുന്നവരാരും കാരണക്കാരായിരുന്നില്ല. ഇവ ഓരോന്നും എങ്ങിനെയുണ്ടായി എന്നും, എന്തിനായി നില കൊള്ളുന്നു എന്നും ഇവയെ തമ്മിൽഭിന്നിപ്പിച്ചു നിറുത്തിയിരിക്കുന്ന ഇടച്ചുവരുകൾ എന്തെന്നും ഓരോരുത്തരും ചിന്തിക്കേണ്ടതാണു്.

യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചു നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതു; തിന്നുന്നനാളിൽ നീ മരിക്കും" എന്നു് പാമ്പു സ്ത്രീയോടു പറയുന്നു നിങ്ങൾ മരിക്കയില്ലനിശ്ചയം. സ്ത്രീ ഫലം പറിച്ചുതിന്നു ഭർത്താവിനും കൊടുത്തു; അവനും തിന്നു. "യേശു സ്വർഗ്ഗത്തേക്കു നോക്കി പറഞ്ഞതെന്തന്നാൽ.... നീ എന്നെ ലോകത്തിലേക്കു് അയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്കയച്ചിരിക്കുന്നു.... ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാൻ ഇരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ. നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു: നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ നാം ഒന്നായിരിക്കുന്നതു

പോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നെ” ദേശിയത്വമോ, സ്വാധിപത്യമോ സ്ഥാപിച്ചു സഭകൾ സ്വതന്ത്രമാകുമെന്നു ആർക്കു പറവാൻ കഴിയും. എന്നാൽ ഇന്നത്തെ ക്രൈസ്തവർ എന്തു ചെയ്യുന്നു. ഇന്നു ലോകം ക്രിസ്തുവിനെ അറിയാതിരിക്കുന്നെങ്കിൽ, അതിനുള്ള കാരണം ക്രൈസ്തവരുടെ ഇടയിലുള്ള ഐക്യത കുറവാണു്.

ക്രിസ്തുവിനെ ലോകത്തിനു കാണിച്ചുകൊടുപ്പാനും, സർവ്വമനുഷ്യരും ക്രിസ്തുവിൽ ഒന്നാകുവാനും ആയിട്ടത്രേ കത്തോലിക്കാസഭയുടെ ഐക്യത്തിലേക്കു ഏവരേയും “ജീവനുണ്ടാകുവാനും ജീവൻ സമൃദ്ധിയായുണ്ടാകുവാനും” ക്ഷണിക്കുന്നതു്.

✠ MAR SEVERIOS.

# എല്ലാവരും ഒന്നാകേണ്ടതിന്നു്.

---

## I
## യഥാർത്ഥമായ ക്രിസ്തീയ ഐക്യം.

---

### മ്ശിഹായുടെ പ്രാർത്ഥന.

"പരിശുദ്ധ പിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന്നു (അവരെ) എനിക്കു തന്ന നീ നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളണമെ.......അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടി കൂടിയുമാകുന്നു ഞാൻ പ്രാർത്ഥിക്കുന്നതു്. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, എന്റെ പിതാവേ, നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ അവരും നമ്മിൽ ഒന്നാകേണ്ടതിന്നു തന്നെ. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു, നീ എനിക്കു തന്ന മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു. അവർ ഐക്യത്തിൽ പരിപൂർണ്ണരാകേണ്ടതിന്നും, നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചതുപോലെ ഞാൻ അവരെയും സ്നേഹിച്ചു എന്നും ലോകം അറിയേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലും ഇരിക്കുന്നു."

യോഹ. 17. 11-23.

### ഐക്യം അത്യാവശ്യം.

മീശിഹാ തമ്പുരാന്റെ ഐഹിക ജീവിതം അവസാനിക്കാറായി. നമുക്കു വേണ്ടി രക്തം ചൊരിയുവാനും മരണം കൈവരിക്കുവാനും അവിടുന്നു ഒരുങ്ങുകയാണു്. 'പീഡാസഹനത്തിന്റെ തലേരാത്രി സെഹിയോൻ മാളികയുടെ മുകളിൽ വച്ചു് 'ഒടുവിലത്തെ അത്താഴം' നടത്തപ്പെട്ടു. നാഥനായ മ്ശീഹാ അപ്പോൾ

നടത്തിയ പ്രാൎത്ഥന ഏതൊരു ക്രൈസ്തവന്റെ ഹൃദയത്തെയാണ് തട്ടിയുണൎത്താതിരിക്കുക! സ്വപിതാവിനെ വിളിച്ചുകൊണ്ടു ശ്ലീഹന്മാൎക്കും നമുക്കും വേണ്ടി അവിടുന്നു പ്രാൎത്ഥിച്ചു. ഐക്യത്തെ ലക്ഷ്യമാക്കിയുള്ള ആ പ്രാൎത്ഥനയുടെ ചില ഭാഗങ്ങൾ ഉദ്ധരിച്ചു കഴിഞ്ഞു.

പിതാവും താനും ഒന്നായിരിക്കുന്നതു പോലെ ശ്ലീഹന്മാർ ഒന്നായിരിക്കേണ്ടതിനും, പിതാവു തന്നിലും താൻ പിതാവിലും എന്നപോലെ ശ്ലീഹന്മാരുടെ വചനംമൂലം തന്നിൽ വിശ്വസിക്കുന്നവർ എല്ലാവരും ഒന്നായിരിക്കേണ്ടതിനും മ്ശിഹാ പിതാവിനെ വിളിച്ചു കൊണ്ടു് പ്രാൎത്ഥന നടത്തുന്നു. മ്ശിഹായിൽ വിശ്വസിക്കുന്നവരെന്നു സ്വയം അഭിമാനിക്കുന്നവരെല്ലാം ഈ പ്രാൎത്ഥനയുടെ സാരം എന്താണെന്നു ചിന്തിക്കേണ്ടതുണ്ടു്.

ക്രിസ്തീയസഭകളുടെ അഥവാ മ്ശിഹായിൽ വിശ്വസിക്കുന്നവരെ ഉൾക്കൊള്ളുന്ന സമൂഹങ്ങളുടെ ഐക്യത്തിനു വേണ്ടി ജനുവരി 18-ാംനു മുതൽ 25-ാംനു വരെ ആചരിക്കപ്പെടുന്ന "പ്രാൎത്ഥനാവാരത്തിൽ" മിശിഹായുടെ പ്രാൎത്ഥന നമ്മുടെ ശ്രദ്ധയെ പ്രത്യേകവിധം ആകൎഷിക്കേണ്ടിയിരിക്കുന്നു. മിശിഹായിൽ വിശ്വസിക്കുന്നവരെന്നു സ്വയം അഭിമാനിക്കുന്നവർ വളരെയുണ്ടെങ്കിലും പല വിഭാഗങ്ങളായിട്ടാണല്ലോ അവരുടെ നില. സാരമേറിയ സംഗതികളിലത്രേ ഒരു വിഭാഗം വേറൊന്നുമായി വിയോജിച്ചു നില്ക്കുന്നതു്. എങ്കിലും എല്ലാവരും ഒന്നാകണമെന്നാണു് മിശിഹായുടെ ഉദ്ദേശ്യം, എല്ലാവരും ഒന്നാകണമെന്നുള്ള ആഗ്രഹം മിക്കവാറും എല്ലാവരിലും തന്നെ കുടികൊള്ളുന്നുമുണ്ടു്. ക്രിസ്താനികളുടെയിടയിലുള്ള ഭിന്നത അവസാനിപ്പിക്കാതെ ഒന്നാകുവാൻ അവൎക്കു സാധിക്കുന്നതല്ല. ഭിന്നത അവസാനിപ്പിക്കേണ്ടതിലേക്കു ഭിന്നതയുടെ ഹേതു എന്താണെന്നു കണ്ടുപിടിക്കേണ്ടതായിട്ടുണ്ടു്.

## ഭിന്നതയുടെ ഹേതു.

വിശ്വാസവൈപരീത്യം ക്രിസ്തീയ സമൂഹങ്ങളെ വിഭിന്ന സഭകളാക്കി തീൎത്തിരിക്കുന്നു. വിശ്വാസത്തിൽ ക്രിസ്ത്യാനികളെല്ലാവരും യോജിച്ചാൽ അവർ ഒന്നാകും അഥവാ ഏകസഭയാകും എന്നതിൽ സംശയമില്ല. വിശ്വാസത്തിലുള്ള യോജിപ്പു കൈവന്നു കഴിഞ്ഞാൽ മററു സംഗതികളിലുള്ള വിവിധത്വം കാലദേശാദി വ്യത്യാസങ്ങളേയോ സംസ്കാരാസ്പദമായ ആചാരവിശേഷങ്ങളേയോ ഉൾക്കൊള്ളുന്ന ബാഹ്യമാത്രവ്യാപാര വൈപരീത്യമാണെന്നു ആൎക്കും ഗ്രഹിക്കുവാൻ കഴിയും. ഈ ദൃശമായ

വ്യാപാരവൈപരീത്യം യഥാർത്ഥമായ ഐക്യത്തെ ദൃഢമാക്കുകയും അതിനെ സവിശേഷം അലങ്കരിക്കുകയും മാത്രമേ ചെയ്യുകയുള്ളു.

## വിശ്വാസം.

മ്ശിഹാ വെളിപ്പെടുത്തുകയും അറിയിക്കുകയും ചെയ്ത സംഗതികളും സ്ഥാപിച്ച കൂദാശകളും ഒരുമിച്ചെടുത്തുകൊണ്ടാണ് "വിശ്വാസം" എന്ന് ഇവിടെ പറയുന്നത്. അപ്രകാരം തന്നെ അധികാരം സംബന്ധിച്ച് മ്ശിഹാ ചെയ്ത ചട്ടം കെട്ട് വിശ്വാസ സത്യമാകയാൽ അതും "വിശ്വാസം" എന്ന പ്രയോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവയെല്ലാം ഉദ്ദേശിച്ചുകൊണ്ടത്രേ പൊതുവിൽ വിശ്വാസത്തിലുള്ള ഐക്യത്തെപ്പററി പ്രതിപാദിച്ചിട്ടുള്ളതും പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നതും. "വിശ്വാസ"ത്തിൽ വിശ്വാസത്തിന് അനുസൃതമായ പ്രവൃത്തികളും ഉൾപ്പെടുത്തുന്നുണ്ട്.

## വിശ്വാസത്തിൽ ഒന്നാകണം.

വിശ്വാസത്തിൽ ക്രിസ്ത്യാനികളെല്ലാവരും ഒന്നായിരിക്കണമെന്നത്രേ സഭാസ്ഥാപകനായ മിശിഹായുടെ ഉദ്ദേശവും കല്പനയും. മററു വാക്കുകളായി പറഞ്ഞാൽ മ്ശിഹാ നമുക്കു പ്രദാനം ചെയ്തിട്ടുള്ള വിശ്വാസസംഹിത ഏകവും അഭേദ്യവും ആണ്. എല്ലാവരും അതു ഭേദം കൂടാതെ സ്വീകരിക്കുവാൻ അവിടുന്നു ആവശ്യപ്പെടുകയും ചെയ്യുന്നു. ശ്ലീഹന്മാർ മിശിഹായുടെ ഉദ്ദേശം ഗ്രഹിക്കുകയും അതിൻെറ സാക്ഷാൽകാരത്തിനായി അവിടുത്തെ കല്പനപോലെ പ്രയത്നിക്കുകയും ചെയ്തു. ആദിമസഭയിലെ ഇതേ ധാരണയും പ്രവൃത്തിയും മാത്രമാണ് നമ്മൾ ദർശിക്കുന്നത്.

## മ്ശിഹായുടെ ഉദ്ദേശ്യം

വിശ്വാസത്തിൽ ഉണ്ടാകേണ്ട ഐക്യം സംബന്ധിച്ചു തൻെറ ഉദ്ദേശ്യമെന്താണെന്ന് മ്ശിഹാ തൻെറ വാക്യങ്ങൾ വഴി വെളിപ്പെടുത്തിയിട്ടുണ്ട്.

> "ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവർക്കു മാമ്മോദീസാ നൽകി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ...." (മത്ത. 27 19. 20)

> "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടങ്ങളിലും എൻെറ സുവിശേഷം അറിയിക്കുവിൻ. വിശ്വസിക്കയും മാമ്മോദീസാ സ്വീകരിക്കയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും; വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെടും" (മർക്കോ 16. 15, 16)

വിശ്വാസസംഹിത അഥവാ സുവിശേഷം ഏകമാണെന്നല്ലയോ ഈ വാക്യങ്ങൾ വിളിച്ചറിയിക്കുന്നതു്? താൻ പഠിപ്പിച്ചവ എല്ലാം എല്ലാവരേയും പഠിപ്പിക്കുവാൻ മ്ശിഹാ കല്പന നൽകുന്നു. എല്ലാം എന്നുപറയുന്നതുകൊണ്ട് മ്ശിഹായുടെ ഉപദേശ സംഹിതയിൽ നിന്നു ഏതെങ്കിലുമൊന്നു വിട്ടുകളയുവാൻ ശ്ലീഹന്മാർക്കു സ്വാതന്ത്ര്യമോ അവകാശമോ ഇല്ല. അതേ ട്ടു ഏതെങ്കിലുമൊന്നു അവർ കൂട്ടിച്ചേർക്കുന്നപക്ഷം, അതു വ്യത്യാസപ്പെടുകയും തദ്വാരാ മ്ശിഹായുടെ ഉപദേശസംഹിതയല്ലാതായി തീരുകയും ചെയ്യും. തന്റേതല്ലാത്ത ഒരുപദേശമോ ഉപദേശസംഹിതയോ സ്വീകരിക്കുവാൻ മ്ശിഹാ ആരേയും ധിർബന്ധിക്കുന്നതല്ല. തന്റെ സംഹിത സ്വീകരിക്കുവാൻ അവിടുന്നു എല്ലാവരേയും നിർബന്ധിക്കുന്നുണ്ടു്. അതു സ്വീകരിച്ചു അതിനനുസൃതമായി വ്യാപരിക്കുന്നവനെപ്പററി "വിശ്വസിക്കയും മാമ്മോദീസാ സ്വീകരിക്കയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും" എന്നു് അവിടുന്നു അരുളിച്ചെയ്യുന്നു. അതു സ്വീകരിക്കാത്തവനെപ്പററിയാകട്ടെ "വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെടും" എന്നാണു് അവിടുന്നു തന്നെ അരുളിച്ചെയ്യുന്നതു്.

താൻ പഠിപ്പിച്ചവയെല്ലാം പഠിപ്പിക്കണമെന്നും തന്റെ സുവിശേഷം അറിയിക്കണമെന്നും മ്ശിഹാ പറഞ്ഞിട്ടുള്ളതു ഒരേ അർത്ഥത്തിലാണെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. മ്ശിഹായുടെ ഉപദേശ സംഹിതയും ഭിന്നമല്ല. അതു മുഴുവനായി സ്വീകരിക്കുന്നതാണു് വിശ്വാസം ആകയാൽ ക്രിസ്ത്യാനികളെല്ലാവരും ഒരേ ഒരു സുവിശേഷം, അഥവാ ഒരേ ഒരു വിശ്വാസം സ്വീകരിക്കണമെന്നും തദനുസൃതമായി പ്രവൃത്തിക്കണമെന്നും മ്ശിഹാ തമ്പുരാൻ കല്പിക്കുന്നു. അതെ, ക്രിസ്ത്യാനികളെല്ലാവരും വിശ്വാസത്തിൽ ഒന്നാകണമെന്നാണു് മ്ശിഹായുടെ ഉദ്ദേശവും കല്പനയും.

"വഴിയും സത്യവും ജീവനും ഞാനാകുന്നു" (യോഹ. 14. 6) എന്നു് അരുളിച്ചെയ്ത മ്ശിഹാ സത്യം മാത്രമേ പഠിപ്പിച്ചിട്ടുള്ളു. അവിടുത്തെ വചനം സത്യമാണു്. സത്യമായ തനിക്കു സാക്ഷികളാകുവാൻ മ്ശിഹാ ശ്ലീഹന്മാരെ ലോകത്തിലേക്കയച്ചു. "അപ്പോൾ നിങ്ങൾ ഓറശ്ലേമിലും യൂദാമുഴുവനിലും ശമ്രായരുടെ സ്ഥലത്തും, ഭൂമിയുടെ അതിർത്തികൾ വരെയും എനിക്കു സാക്ഷികളാകും" (നടപടി 1. 8) എന്നാണല്ലോ അവിടുന്നു ശ്ലീഹന്മാരെപ്പററി പ്രസ്താവിച്ചിട്ടുള്ളതു്. പ്രസംഗത്തിലും അദ്ധ്യാപകവൃത്തിയാലും മ്ശിഹാ പഠിപ്പിച്ചവ സ്വീകരിക്കുവാനും അഥവാ വിശ്വസിക്കുവാനും തദനുസൃതമായി പ്രവർത്തിക്കുവാനും എല്ലാവരെയും പ്രമാണിച്ചുകൊണ്ടാണു് ശ്ലീഹന്മാർ സത്യം തന്നെയായ മ്ശിഹായിക്കു സാക്ഷികളാകേണ്ടിയിരുന്നതു്. അവരുടെ വചനം മൂലമാണു്

മററുള്ളവർ മ്ശിഹായിൽ വിശ്വസിക്കേണ്ടിയിരുന്നതെന്നു് മ്ശിഹായുടെ മുൻ ഉദ്ധരിച്ച പ്രാർത്ഥനയിൽ നിന്നു വ്യക്തമാകുന്നുമുണ്ടു്. വിശ്വാസത്തിൽ അവർ ഐക്യം പാലിക്കാതിരുന്നാൽ അവർ എങ്ങനെ സത്യത്തിനു സാക്ഷികളാകും?; അവരുടെ വചനം മൂലം എങ്ങനെ മററുള്ളവർ മ്ശിഹായിൽ വിശ്വസിക്കും?

സഭാസ്ഥാപനത്തെപ്പററി പ്രസ്താവിക്കവെ "എൻെറ സഭ" എന്ന ഏകവചനമല്ലാതെ "എൻെറ സഭകൾ" എന്ന ബഹുവചനം മ്ശിഹാ പ്രയോഗിക്കുന്നില്ല (മത്ത. 16. 17.) "സഭകളെ കേൾക്കാത്തവൻ" എന്നല്ലാ "സഭയെ കേൾക്കാത്തവൻ" എന്നാണു് വീണ്ടും അവിടുന്നു കല്പിച്ചു പറയുന്നതു് (മത്താ. 16. 17). പ്രാദേശികസമൂഹങ്ങളെ ഉദ്ദേശിച്ചു 'സഭകൾ' എന്നു പറയാമെങ്കിലും, സമസ്ത വിശ്വാസികളുടെയും സുസംഘടിതമായ സമൂഹത്തെ ഉദ്ദേശിച്ചു "സഭ" എന്നു മാത്രമേ പറയാവൂ എന്നു ഇതിൽ നിന്നു വ്യക്തമാകുന്നു. "ഒരാട്ടിൻ കൂട്ടവും ഒരിടയനും" (യോ. 10. 16) എന്നു മ്ശിഹാ അരുളിച്ചെയ്തിട്ടുള്ളതു് ഈ സംഗതിയെ കൂടുതൽ വിശദമാക്കുന്നുണ്ടു്. മ്ശിഹായുടെ സഭ ഏകമായാൽ അതിലെ വിശ്വാസം ഏകമാകണം. അതായതു് ക്രിസ്ത്യാനികളെല്ലാവരും ഒരേ ഒരു വിശ്വാസം സ്വീകരിച്ചു് ഒരേ ഒരു സഭയുടെ അംഗങ്ങളായിത്തീരണമെന്നു സാരം.

വിശ്വാസത്തിൽ ഭിന്നത വരുത്തുന്നതും സഭയുടെ എണ്ണം വർദ്ധിപ്പിക്കുന്നതും മ്ശിഹായുടെ ഉദ്ദേശ്യത്തിനും കല്പനക്കും വിരുദ്ധമാണു്. മ്ശിഹായുടെ ഉദ്ദേശ്യവും കല്പനയും ലംഘിക്കുന്നവൻ മ്ശിഹായുടെ അനുഗാമികളോ യഥാർത്ഥ ക്രിസ്ത്യാനികളോ അല്ലതന്നെ.

## ശ്ലീഹന്മാരുടെ ഉപദേശം

മ്ശിഹാ തങ്ങളെ ഭരമേല്പിച്ച വിശ്വാസം ഏകമായി പാരിപാലിക്കുവാൻ ശ്ലീഹന്മാർ എത്ര ശ്രദ്ധയുള്ളവരായിരുന്നെന്നു് അവരിൽ ചിലരുടെ വാക്യങ്ങൾ പരിശോധിച്ചാൽ ഗ്രഹിക്കാവുന്നതാണു്.

> "ജനത്തിൻെറ ഇടയിൽ വ്യാജപ്രവാചകന്മാരും ഉണ്ടായിരുന്നു. അതുപോലെ തങ്ങളുടെ മേൽ തന്നെ ശീഘ്രനാശം വരുത്തിക്കൊണ്ടു് നാശകരമായ മതഭിന്നത പ്രവേശിപ്പിക്കയും തങ്ങളെ വിലയ്ക്കു വാങ്ങിയവനെ നിഷേധിക്കയും ചെയ്യുന്ന വ്യാജോപദേഷ്ടാക്കൾ നിങ്ങളുടെ ഇടയിലും ഉണ്ടാകും. അവരുടെ അശുദ്ധിയുടെ പിന്നാലെ പലരും പോകും, അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും" (2 പത്രോ. 2. 1. 2)

മതഭിന്നത നാശകരമാണു്, അശുദ്ധിയാണു്, സത്യമാർഗ്ഗത്തെ ദുഷിപ്പിക്കുന്നതാണു് എന്നെല്ലാമല്ലേയോ വി. പത്രോസു ഇവിടെ പ

കടമായി പ്രസ്താവിക്കുന്നതു്? വിശ്വാസഭിന്നതയും മതഭിന്നതയും ഒന്നു തന്നെയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

വി. പത്രോസിന്റെ ആശയം തന്നെ വി. പൌലോസു എഫേസൂസിലെ മൂപ്പന്മാരെ ഇങ്ങനെ അറിയിക്കുന്നു:

ഇതിനാൽ നിങ്ങളേവരുടേയും രക്തത്തിൽ നിന്നു ഞാൻ ശുദ്ധനാകുന്നു എന്നു ഇന്നത്തെ ദിവസം നിങ്ങളോടു ഞാൻ സാക്ഷീകരിച്ചു പറയുന്നു. ദൈവത്തിന്റെ ഇഷ്ടം മുഴുവൻ നിങ്ങളെ അറിയിക്കുന്നതിൽ ഞാൻ ഉപേക്ഷ വിചാരിച്ചിട്ടില്ല. ആകയാൽ നിങ്ങളെ തന്നെയും, മ്ശിഹാ തന്റെ രക്തം കൊണ്ടു നേടിയിരിക്കുന്ന അവന്റെ സഭയെ മേയിക്കുവാനായി പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷന്മാരായി സ്ഥാപിച്ചിരിക്കുന്ന ആട്ടിൻകൂട്ടം മുഴുവനെയും നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ. എന്തെന്നാൽ ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തിന്മേൽ ദയ തോന്നാത്ത ക്രൂരചെന്നായ്ക്കൾ നിങ്ങളുടെയിടയിൽ പ്രവേശിക്കുമെന്നു ഞാൻ അറിയുന്നു. തങ്ങളുടെ പിന്നാലെ ചെല്ലുവാൻ ശിഷ്യരെ മറിക്കുവാനായി ദുഷ്ടകാര്യങ്ങൾ സംസാരിക്കുന്ന ആളുകൾ നിങ്ങളിൽ നിന്നു തന്നെയും എഴുന്നേല്ക്കും.” (നടപടി 20 26–30)

“മ്ശിഹാ ഒരു പക്ഷ വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ?” (1 കോറി 1. 13) എന്നു സങ്കടസമേതം കോറിന്ത്യരോടു ചോദിച്ച വി. പൌലോസു ഗാലാത്തിയരോടു ഉപദേശിക്കുന്നതു കേട്ടാലും:

“പക്ഷേ നിങ്ങളെ കലക്കുകയും മ്ശിഹായുടെ സുവിശേഷം ഭേദപ്പെടുത്തുവാൻ ഇച്ഛിക്കുകയും ചെയ്യുന്ന ചിലരുണ്ടു്. എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചതു വിട്ടു ഞങ്ങൾ തന്നെയാകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു മാലാകായാകട്ടെ നിങ്ങളോടു അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ. ഞാൻ മുമ്പേ തന്നെ പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോൾ വീണ്ടും പറയുന്നു: നിങ്ങൾ സ്വീകരിച്ചതു വിട്ടു ആരെങ്കിലും നിങ്ങളോടു അറിയിക്കുന്നെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ” (ഗാല 1. 8, 9).

വി. പൌലോസിന്റെ ഈ വാക്യങ്ങളുടെ ഒരു പരാവർത്തനം സംഗീതരൂപത്തിൽ അന്തിയോക്കിയൻ * റീത്തിലെ കുർബാനയിൽ കാണുന്നതു ഇപ്രകാരമാകുന്നു:

“പൌലൂസ്സ്ലീഹാധന്യൻചൊൽകട്ടേനിതേവം
നിങ്ങളെ ഞങ്ങളറിയിച്ചതൊഴിച്ചിങ്ങൊരുവൻവന്നറിയിച്ചാൽ
വാനവനെങ്കിലും മാദൂതൻ താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ പാരിൽമുളച്ചുപരക്കുന്നു

### ദൈവത്തിനുപദേശം തൊട്ടവസാനിപ്പിപ്പോൻ ധന്യൻ.

ശ്ലീഹന്മാരുടെ ഉപദേശത്തിൽ നിന്നു ഭിന്നമായ ഒരുപദേശം നൽകുന്ന ഏവനും സഭയുടെ ശാപമേല്ക്കുമെന്നാണ് ഈ പരാവർത്തനത്തിൽ പ്രകാശിപ്പിച്ചിരിക്കുന്നതു്. സഭയിൽ സത്യവിശ്വാസം പഠിപ്പിക്കപ്പെടുന്നു എന്നും അതു് എന്നും അഭേദ്യമായിരിക്കുമെന്നുമല്ലയോ ഇതിന്റെ അർത്ഥം? സത്യവിശ്വാസത്തിനു വിരുദ്ധമായി പലതരത്തിലുള്ള സിദ്ധാന്തങ്ങൾ ഭൂമുഖത്തു മുളച്ചുപരന്നാലും ദൈവം നൽകിയ ഉപദേശത്തിൽ അഥവാ വിശ്വാസത്തിൽ തുടങ്ങി അവസാനംവരെ അതിൽ നിലനില്ക്കുന്നവൻ ആരോ അവൻ അത്രേ ധന്യൻ എന്നും ഇവിടെ പ്രസ്താവിച്ചിരിക്കുന്നു. ധന്യനാകുവാൻ അഥവാ രക്ഷ പ്രാപിക്കുവാൻ ഏകമായ സത്യവിശ്വാസം അഭേദ്യമായി പാലിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ വിധത്തിൽ സ്പഷ്ടമാക്കപ്പെടുന്നതു്.

വിശ്വാസത്തിലുണ്ടാകേണ്ട ഐക്യത്തെപ്പററി എഫേസ്യർക്കുള്ള ലേഖനത്തിൽ വി. പൌലോസു പറയുന്ന ഭാഗവും ഇവിടെ ഉദ്ധരിക്കാം:

> “നിങ്ങളുടെ വിളിയുടെ ഏകമായ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നപ്രകാരം ഒരേശരീരത്തോടും ഒരേ ആത്മാവോടും ഇരിക്കേണ്ടതിനായി സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം കാത്തുകൊള്ളുവാൻ ഉത്സാഹിക്കുവിൻ. എന്തെന്നാൽ കർത്താവു ഒരുവനാകുന്നു, വിശ്വാസവും ഒന്നു്, മാമ്മോദീസായും ഒന്നു്. എല്ലാവരുടേയും പിതാവും, എല്ലാററിലും മേലും എല്ലാററിലും, നമ്മിലെല്ലാവരിലും (സ്ഥിതി ചെയ്യുന്നവനുമായിരിക്കുന്ന) ദൈവവും ഒരുവൻ (ആകുന്നു)”
>
> (എഫേ. 4/3_6)

ഒരേ ശരീരത്തോടും ഒരേ ആത്മാവോടും അഥവാ ഒന്നായി എല്ലാവരും ഇരിക്കേണ്ടതിനുള്ള ന്യായങ്ങളിൽ ഒന്നായി ശ്ലീഹാ എടുത്തുകാണിക്കുന്നതു് എല്ലാവരുടേയും വിശ്വാസം ഒന്നാകുന്നു എന്നുള്ളതത്രേ. അതേ, സത്യക്രിസ്ത്യാനികൾക്കു വിശ്വാസം ഒന്നു മാത്രമേയുള്ളൂ; ഏകമായ സത്യവിശ്വാസം സ്വീകരിക്കുന്നവർ മാത്രമാണു സത്യക്രിസ്ത്യാനികൾ. ക്രിസ്ത്യാനികൾ തമ്മിലുണ്ടാകേണ്ട ഐക്യത്തിനു വിശ്വാസത്തിലുള്ള ഐക്യം എത്ര അത്യന്താപേക്ഷിതമാണെന്നു ഇതിൽനിന്നു വ്യക്തമാകുന്നു.

വിശ്വാസത്തിനു വിരുദ്ധമായി പ്രസംഗിക്കുന്നവക്കെതിരായി പോരാട്ടം നടത്തുവാനാണ് വി. യൂദാശ്ലീഹാ നമ്മോടു് ആവശ്യപ്പെടുന്നതു്. അദ്ദേഹം പറയുന്നു:

"എന്റെ പ്രിയപ്പെട്ടവരെ, നമ്മുടെ പൊതുവായ രക്ഷയെ കുറിച്ചു നിങ്ങൾക്കെഴുതുവാൻ ഞാൻ സർവ്വ പരിശ്രമവും ചെയ്തുകൊണ്ടിരിക്കവെ, വിശുദ്ധന്മാർക്കു ഒരിക്കൽ കൈയേല്പിക്കപ്പെട്ട വിശ്വാസത്തെ പ്രതി നിങ്ങൾ പോരാട്ടം നടത്തണമെന്നു യാചിക്കുന്നതിനായി നിങ്ങൾക്കെഴുതുവാൻ ആവശ്യം നേരിട്ടിരിക്കുന്നു" (യൂദ. 3).

വിശ്വാസം ഏകവും അഭേദ്യവും അല്ലെങ്കിൽ, വിശ്വാസത്തിൽ ഐക്യം പാലിക്കേണ്ടതല്ലെങ്കിൽ, വിശ്വാസം എന്നും ഒന്നുതന്നെ ആയിരിക്കേണ്ടതല്ലെങ്കിൽ "വിശുദ്ധന്മാർക്കു ഒരിക്കൽ കൈയേല്പിക്കപ്പെട്ട വിശ്വാസത്തെപ്രതി" പോരാട്ടം നടത്തണമെന്നു വി. യൂദാ ശ്ലീഹാ യാചിക്കുന്നതിൽ യാതൊരർത്ഥവുമില്ല. പഴയ നിയമത്തിലെ വിശ്വാസത്തെപ്രതി അന്നത്തെ പിതാക്കന്മാർ യഥാർത്ഥമായ പോരാട്ടം നടത്തിയെന്നു വി. പൗലോസു നമ്മെ ഉദ്ബോധിപ്പിക്കുന്നു. അദ്ദേഹം പറയുന്നു: വിശ്വാസം നിമിത്തം

"ചിലർ പരിഹാസത്തിലും അടികളിലും ഉൾപ്പെട്ടു. ചിലർ ബന്ധനങ്ങളിലും തടവുകളിലും ഏൽപ്പിക്കപ്പെട്ടു. ചിലർ കല്ലെറിയപ്പെട്ടു. ചിലർ വാളിനാൽ അറുക്കപ്പെട്ടു. ചിലർ വാളിന്റെ വായ്ത്തലമൂലം മരിച്ചു. ചിലർ കുഞ്ഞാടുകളുടേയും കോലാടുകളുടേയും തോലുകൾ ധരിച്ചും മുട്ടുപാടുള്ളവരായും ഞെരുക്കപ്പെടുന്നവരായും അലട്ടപ്പെടുന്നവരായും ചുററിനടന്നു."
(എബ്ര. 11/36: 37)

പഴയനിയമത്തിൽ ഇത്രവലിയ പോരാട്ടം വിശ്വാസത്തെപ്രതി നടന്നെങ്കിൽ, പുതിയ നിയമത്തിൽ വിശ്വാസത്തെപ്രതി എത്ര എത്ര വലിയ ഒരു പോരാട്ടമാണു് നമ്മൾ നടത്തേണ്ടതെന്നു പര്യാലോചിക്കുവിൻ. എന്തുകൊണ്ടെന്നാൽ

"മാലാഖമാരാൽ സംസാരിക്കപ്പെട്ട വചനം ഉറപ്പിക്കപ്പെടുകയും, അതു കേട്ടശേഷം ലംഘിച്ചു എവനും നീതിപ്രകാരമുള്ള പ്രതിഫലം കൈക്കൊള്ളുകയും ചെയ്തു എങ്കിൽ, നമ്മുടെ ജീവൻതന്നെ ആയിരിക്കുന്നവയെ—നമ്മുടെ കർത്താവിനാൽ സംസാരിക്കപ്പെട്ടുവാൻ ആരംഭിക്കുകയും അവനിൽ നിന്നു കേട്ടവരാൽ നമ്മിൽ ഉറപ്പിക്കപ്പെടുകയും ചെയ്തവയെ......വകവയ്ക്കാതിരുന്നാൽ നാം (ശിക്ഷാവിധിയിൽ നിന്നു) ഒഴിഞ്ഞുമാറുന്നതെങ്ങിനെ?" (എബ്ര. 2/2-4)

"വിശ്വാസംകൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാധിക്കയില്ല" (എബ്ര. 11/6).

വിശ്വാസത്തിൽ ഭേദഗതി വരുത്താമെങ്കിൽ, വിശ്വാസം എന്നും ഏകമായി പാലിക്കേണ്ടതല്ലായെല്ലിൽ ഇപ്പോൾ ഉദ്ധരിച്ചവയും അവയ്ക്കു തുല്യങ്ങളും ആയ വേദവാക്യങ്ങൾക്കു വല്ല അർത്ഥവുമുണ്ടാകുമോ? ആകയാൽ ക്രിസ്ത്യാനികളും ക്രിസ്തീയസഭകളും തമ്മിലുണ്ടാകേണ്ട ഐക്യത്തിനു വിശ്വാസത്തിലുള്ള ഐക്യം അത്യന്താപേക്ഷിതമാണെന്നു സ്പഷ്ടം.

> “മ്ശിഹായുടെ ഉപദേശത്തിൽ നിലനിൽക്കാതെ അതിരു കടന്നുപോകുന്ന ഒരുവനും ദൈവമില്ല.... ഒരുത്തൻ നിങ്ങളുടെ അടുക്കൽ വരികയും ഈ ഉപദേശം കൊണ്ടുവരാതിരിക്കയും ചെയ്താൽ അവനെ വീട്ടിൽ സ്വീകരിക്കരുത്, അവനു സ്വസ്തി പറകയുമരുത്”. (2 യോഹ. 9–10)

എന്ന് വി. യോഹന്നാൻശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. മുടക്കിലും മഹറോനിലും വീണവർക്ക് കേരളീയ സുറിയാനിക്കാർ പഴയകാലത്തു “തീയും വെള്ളവും വിലക്കിയിരുന്നു.” മഹറോൻശിക്ഷയെപ്പോലെ വേറൊന്നിനേയും സുറിയാനിക്കാർ അത്ര ഭയപ്പെട്ടിരുന്നില്ലെന്നു ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കാരണവും ഇതുതന്നെ.

മ്ശിഹായുടെ അനുഗാമികളിൽ ഒരേ ഒരു വിശ്വാസം മാത്രമാണ് ഉണ്ടായിരിക്കേണ്ടതെന്നു ശ്ലീഹന്മാർ ധരിച്ചു പ്രവർത്തിച്ചിരുന്നു എന്നു സ്ഥാപിക്കുവാൻ വേദവാക്യങ്ങൾ ഇനിയും ഉദ്ധരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതുവരെ ഉദ്ധരിച്ചവ ധാരാളം മതിയാവും. ഇനി നമുക്കു ആദിമസഭയിലേക്കു കടക്കാം.

## ആദിമസഭ.

മ്ശിഹാ വെളിപ്പെടുത്തി ശ്ലീഹന്മാരെ ഭരമേല്പിച്ചതും ശ്ലീഹന്മാർ ലോകത്തിന്റെ എല്ലാ ഭാഗത്തും പഠിപ്പിച്ചതുമായ വിശ്വാസം ഭേദംകൂടാതെ സംരക്ഷിക്കുവാൻ സഭ നടത്തിയിട്ടുള്ള പരിശ്രമങ്ങളും സഭ സഹിച്ചിട്ടുള്ള ത്യാഗങ്ങളും അവർണ്ണനീയമെന്നേ പറയേണ്ടതുള്ളു. സഭാംഗങ്ങളായ സഹദേന്മാർ രക്തം ചൊരിഞ്ഞതും, മൌദ്യാനന്മാർ തപക്രിയകൾ അനുഷ്ഠിച്ചതും, കന്യകകൾ പ്രാർത്ഥിച്ചതും, മല്പാന്മാർ വേദസത്യങ്ങളിന്മേൽ ധ്യാനിച്ചതും ഏകമായ സത്യവിശ്വാസം ഭേദംകൂടാതെ പാലിക്കുവാനും അതിനനുസൃതമായി ജീവിതം നയിക്കുവാനും വേണ്ടി ആയിരുന്നു.

വിശ്വാസസംഹിതയിൽ ഏതെങ്കിലും വ്യത്യാസം വരുത്തിയിരുന്നവരെ സഭ ശപിക്കുകയത്രേ ചെയ്തിരുന്നതെന്നു സഭാചരിത്രം സാക്ഷ്യം വഹിക്കുന്നു. 325–ൽ നിഖ്യായിൽവച്ച് അരിയൂസും, 381–ൽ

കുസ്തന്തിനോപ്പോലീസിൽവച്ചു മാക്കെദോനിയൂസും, 431-ൽ എഫേസൂസിൽവച്ച് നെസ്തോറിസും സഭയാൽ ശപിക്കപ്പെട്ടില്ലയോ? ആരംഭംമുതൽ സഭ പഠിപ്പിച്ചിരുന്ന വിശ്വാസത്തെ ഭേദപ്പെടുത്തുകനിമിത്തം അവർ ശപിക്കപ്പെട്ടു. സത്യവിശ്വാസത്തിനു വിരുദ്ധമായി പ്രസംഗിക്കുന്നവൻ ആരുതന്നെ ആയാലും "താനേൽക്കും സഭയിൻശാപം" എന്നു മുൻ ഉദ്ധരിച്ച ആ ഗീതത്തിൽ കാണുന്നതുപോലെയത്രെ സഭ പ്രവർത്തിച്ചിട്ടുള്ളതു്. സത്യവിശ്വാസം നിഷേധിക്കുന്നവർ നരകത്തിൽ നിപതിക്കുമെന്നും സഭ വിശ്വസിച്ചിരുന്നു. ഈ വിശ്വാസം യാക്കോബായസഭയുടെ ഒരു പ്രാർത്ഥനയിൽ പ്രകടിപ്പിച്ചിട്ടുള്ളതു ഇപ്രകാരമാണ്:

ܐܠܗܐ ܝܠܕܬ ܡܪܝܡ ܘܐܢ ܐܝܬ ܠܝ ܦܘܠܓܐ ܥܡ
ܢܣܛܘܪܝܣ ܠܓܗܢܐ ܐܬܪܡܐ.

"ദൈവത്തെയാണ് മറിയാം പ്രസവിച്ചതു്: ഇതു സംബന്ധിച്ചു എന്റെ ബോധത്തിൽ സംശയമുണ്ടെങ്കിൽ നെസ്തോറിയുസിനോടുകൂടി ഞാനും നരകത്തിൽ തള്ളപ്പെട്ടുകൊള്ളട്ടെ"

മറിയം പ്രസവിച്ചതു ദൈവത്തെയല്ലാ എന്നുള്ള അബദ്ധസിദ്ധാന്തത്തെ യാക്കോബായസഭ വെറുത്തു തള്ളുന്നു എന്നും, വിശ്വാസം സംബന്ധമായി സംശയിക്കുന്നവർ നരകശിക്ഷക്ക് അർഹരാണെന്നും ആ സഭ വിശ്വസിക്കുന്നതായി ഇതിൽ നിന്നു തെളിയുന്നു.

വിശ്വാസം ഭേദംകൂടാതെ പാലിക്കുവാൻ ആരിയൂസിനെ എതിരിട്ട പിതാക്കന്മാർ മാനഹാനിയും മേനിക്ഷയവും സഹിച്ചു. അരിയൂസു കക്ഷിയിൽ നിന്നു സ്വശരീരങ്ങളിൽ ഏററ മുറിവുകളും ചതവുകളും നിമിത്തം നിഖിയാ സൂന്നഹദോസിൽ സംബന്ധിച്ച പിതാക്കന്മാർ അഭിമാനം കൊണ്ടിരുന്നതായി സഭാചരിത്രം ഘോഷിക്കുന്നതു നമുക്കു ചിന്താവിഷയമാകട്ടെ. വിശ്വാസത്തെപ്രതി ഇത്ര "കടിച്ചുമരിയ്ക്കേണ്ടതുണ്ടോ" എന്നു ചോദിക്കുന്ന ചില ആധുനികന്മാരുടെ മനഃസ്ഥിതി സത്യവിശ്വാസം നമുക്കു് ഏല്പിച്ചുതന്ന പിതാക്കന്മാരുടേതിൽ നിന്നു എത്ര വിത്യസ്തം!

> "വിശ്വാസത്തിനുവേണ്ടി നല്ല പോരാട്ടം കഴിച്ചിട്ടുള്ളവരും അങ്ങേ പരിശുദ്ധ തിരുനാമത്തെ ജാതികളുടേയും രാജാക്കന്മാരുടേയും ഇസ്രായേൽ ജനത്തിന്റെയും മുമ്പാകെ വഹിച്ചിട്ടുള്ളവരുമായി അങ്ങേ വിശുദ്ധ സഭയുടെ പ്രശോഭിതരായ മല്പാന്മാരെ ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും അങ്ങേ തിരുസഭക്കു സമാധാനം നൽകേണമേ. ഞങ്ങളെ വേദനപ്പെടുത്തുന്ന മതവിപരീതങ്ങളെ നീക്കിക്കളയ

ണമെ. അവരുടെ (മല്പാന്മാരുടെ) ശിക്ഷണത്തെയും ഉപദേശത്തേയും ഞങ്ങളിൽ സ്ഥിരപ്പെടുത്തണമെ...."

എന്നിപ്രകാരം കർബാനസമയത്തു യാക്കോബായസഭയും വിളിച്ചു പ്രാർത്ഥിക്കുന്ന ആ പ്രാർത്ഥനയുടെ സാരം എന്താണെന്നു ചിന്തിക്കുവിൻ. സത്യ ക്രിസ്ത്യാനികളുടെ വിശ്വാസം ഏകമാണ്; ദൈവികമായ ഏക വിശ്വാസം സ്വീകരിച്ചിട്ടുള്ളവർ മാത്രമാണ് സത്യ ക്രിസ്ത്യാനികൾ. വിശ്വാസത്തിൽ വിട്ടുവീഴ്ച ചെയ്യുന്നതും, ഭേദം വരുത്തുന്നതും, വിശ്വാസത്തെ അവഗണിക്കുന്നതും ക്രിസ്തീയമല്ല. അങ്ങനെ ചെയ്യുക "മഹാമനസ്ക്കത"യായി കരുതുന്നവർ സത്യത്തോടു ബഹുമാനമില്ലാത്തവരാണെന്നു നിസ്സംശയം പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ വിശ്വാസം സത്യവും ദൈവികവുമാണ്. ദൈവികമായ സത്യത്തെ അവഗണിക്കുന്നതാണോ മഹാമനസ്കത?

## സൌഹാർദ്ദം മാത്രംപോരാ.

ക്രിസ്തീയ സഭകളുടെ ഐക്യത്തിനു വിശ്വാസം അത്രകാര്യമുള്ളതല്ലെന്നും അന്യോന്യസൌഹാർദ്ദവും സ്നേഹവും മാത്രമേ ആവശ്യമുള്ളു എന്നും ചിലർ വിചാരിക്കുന്നതിൽ യാതൊരർത്ഥവുമില്ലെന്ന് ഇപ്പോൾ വ്യക്തമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. ക്രിസ്ത്യാനികളുടെയിടയിൽ സൌഹാർദ്ദമോ സ്നേഹമോ ആവശ്യമില്ലെന്നല്ല ഈ പറയുന്നതിൻെറ അർത്ഥം. യഥാർത്ഥവും അടിയുറച്ചതും ആയ സൌഹാർദ്ദവും സ്നേഹവും ഐക്യത്തിൻെറ പൂർണ്ണതയാണെന്നു സമ്മതിക്കേണ്ടതുണ്ടു്. പക്ഷെ വിശ്വാസം കൂടാതെയുള്ള സൌഹാർദ്ദവും സ്നേഹവും ക്രിസ്തീയമായിരിക്കയില്ല. ക്രിസ്തീയ സൌഹാർദ്ദവും സ്നേഹവും ആണല്ലൊ നമുക്കാവശ്യം. അവ വിശ്വാസത്തിൽ അടിയുറച്ചവയാണ്.

ക്രിസ്ത്യാനികളിൽ ഉണ്ടാകേണ്ട സൌഹാർദ്ദവും സ്നേഹവും ക്രിസ്തീയം അഥവാ അതിസ്വാഭാവികമായിരിക്കണം എന്നുള്ളതിൽ ആർക്കും സംശയമില്ല. അതിസ്വാഭാവികമായ സ്നേഹം അഥവാ അതിസ്വാഭാവികമായ ഹൃദയച്ചേർച്ച ഉണ്ടാകണമെങ്കിൽ വിശേഷബുദ്ധി അതിസ്വാഭാവികമായി വിശ്വാസത്താൽ പ്രകാശിപ്പിക്കപ്പെടണം. വിശേഷബുദ്ധിയാൽ നിയന്ത്രിക്കപ്പെടാത്തതായ സ്നേഹം അഥവാ ഹൃദയച്ചേർച്ച് സ്വാഭാവികമണ്ഡലത്തിൽപോലും കേവലം അന്ധവും മൃഗീയവുമാണെന്നു നമുക്കറിവുള്ളതാണ്. ഇതുപോലെതന്നെ അതിസ്വാഭാവികമായ ക്രിസ്തീയ മണ്ഡലത്തിൽ, വിശ്വാസംവഴി അതിസ്വാഭാവികമായി പ്രകാശിതമായ വിശേഷബുദ്ധി ക്രിസ്തീയ ഹൃദയങ്ങളെ നിയന്ത്രിച്ചില്ലെങ്കിൽ സ്നേ

ഹം അഥവാ ഹൃദയൈക്യം ക്രിസ്തീയമായിരിക്കയില്ല. വി. പൌലോസിന്റെ വാക്യങ്ങൾ പരിശോധിച്ചാലും:

"നിങ്ങളുടെ വേരും അടിസ്ഥാനവും ഉറപ്പിക്കപ്പെട്ടിട്ട്, മ്ശിഹാ, വിശ്വാസംമൂലം നിങ്ങളുടെ ആന്തരിക മനുഷ്യനിലും, സ്നേഹംമൂലം നിങ്ങളുടെ ഹൃദയങ്ങളിലും വസിക്കേണ്ടതിനു...." (എഫെ. 3-17.)

വിശ്വാസംമൂലം നമ്മുടെ ആന്തരിക മനുഷ്യനിൽ മ്ശിഹാ വസിക്കണം. നമ്മുടെ ഹൃദയങ്ങളിലുള്ള അവിടുത്തെ അധിവാസം സ്നേഹംമൂലവും ആയിരിക്കണം. ഇവരണ്ടും ഒരുമിച്ചാണ് സംഭവിക്കേണ്ടത്. വിശ്വാസമില്ലെങ്കിൽ നമ്മൾ "ആന്തരിക മനുഷ്യരാ"യിരിക്കയില്ല, അഥവാ, ക്രിസ്ത്യാനികളായിരിക്കയില്ല. ക്രിസ്ത്യാനികളല്ലാത്തവരുടെ സൌഹാർദ്ദവും സ്നേഹവും ക്രിസ്തീയമാകുന്നതെങ്ങിനെ? ക്രിസ്തീയമായ സൌഹാർദ്ദവും സ്നേഹവുമല്ലയോ നമുക്കാവശ്യം?

ആശയങ്ങളിൽ യോജിപ്പില്ലാത്തവരുടെ ഹൃദയങ്ങൾ തമ്മിൽ യോജിക്കുകയില്ലെന്നു എല്ലാവർക്കും അറിവുള്ളതാണ്. അതിസ്വാഭാവികമായ ആശയമാണ് വിശ്വാസം നമ്മിൽ സംജാതമാക്കുന്നത്. വിശ്വാസസംഹിതയാകട്ടെ ഏകമായിരിക്കുന്നതുകൊണ്ട് അതു മുഴുവൻ സ്വീകരിക്കുന്നവരിൽ മാത്രമേ ആശയത്തിൽ അതിസ്വാഭാവികമായ യോജിപ്പുണ്ടാവുകയുള്ളൂ. ആശയത്തിൽ അതിസ്വാഭാവികമായ യോജിപ്പുള്ളവരുടെ ഹൃദയങ്ങൾ തമ്മിൽ അതിസ്വാഭാവികമായി യോജിക്കുന്നതാണ് ക്രിസ്തീയ സൌഹാർദ്ദം, അഥവാ, ക്രിസ്തീയ സ്നേഹം. ആകയാൽ വിശ്വാസസംഹിതയിൽ വ്യത്യാസം വരുത്തിക്കൊണ്ടോ വൈപരീത്യം അനുവദിച്ചുകൊണ്ടോ അതിനെ അവഗണിച്ചുകൊണ്ടോ യഥാർത്ഥമായ ക്രിസ്തീയ സൌഹാർദ്ദവും സ്നേഹവും കൈവരുത്തുക അസാദ്ധ്യമാണെന്നു സ്പഷ്ടം.

## യഥാർത്ഥമായ ഐക്യം.

വിശ്വാസത്തെ അവഗണിക്കാമെന്നോ, അതു കാര്യമായി ഗണിക്കേണ്ടതില്ലെന്നോ, എന്തും വിശ്വസിക്കാമെന്നോ പറയുക ക്രിസ്തീയമല്ലെന്നു വിശദമായെന്നു കരുതുന്നു. മ്ശിഹാ നമുക്കു പ്രദാനം ചെയ്തതും ശ്ലീഹന്മാർ പഠിപ്പിച്ചതും ആയ വിശ്വാസസംഹിത എല്ലാവരും സ്വീകരിച്ചു തദനുസൃതമായി ജീവിച്ചേ മതിയാവൂ. എല്ലാവരും ഇങ്ങനെ ചെയ്യുന്നതോടെ ക്രിസ്ത്യാനികളും ക്രിസ്തീയ സഭകളും ഒന്നാകും; വിഭിന്നങ്ങളായ സഭകളോ ക്രിസ്തീയ സമൂഹങ്ങളോ വിഭിന്നോപദേശങ്ങളോ, കക്ഷിമാത്സര്യമോ, അനസര

ണ്ടാക്കുടാ അപ്പോൾ ക്രിസ്ത്യാനികളിൽ ഉണ്ടായിരിക്കുന്നതല്ല; പിതാവു പുത്രനിലും പുത്രൻ പിതാവിലും എന്നപോലെ ക്രിസ്ത്യാനികളെല്ലാവരും ഒന്നായിതീരും; അപ്പോൾ ഒരു ആട്ടിൻകൂട്ടവും ഒരു തൊഴുത്തും മാത്രമേ ഉണ്ടാകയുള്ളു.

ക്രിസ്തീയ ഐക്യത്തിൽ നിന്നു വിശ്വാസസംഹിത മാററിവയ്ക്കാവുന്നതല്ല. ഏകവും, ദൈവികവും, അഭേദ്യവും ആയ വിശ്വാസസംഹിത മുഴുവനും എല്ലാവരും സ്വീകരിച്ച് തദനുസൃതമായി ജീവിക്കുകയും, ഈ വിശ്വാസസംഹിതയുടെ പ്രചോദനത്താൽ അതിസ്വാഭാവികമായി അന്യോന്യം സ്നേഹിക്കുകയും ചെയ്യുമ്പോൾ ക്രിസ്തീയ ഐക്യം പരിപൂർണ്ണമാകും. വിശ്വാസവും തദനുസൃതമായ പ്രവൃത്തിയും ആണ് ക്രിസ്ത്യാനികളെ ഒന്നാക്കേണ്ടതെന്നു ആരംഭത്തിൽ പ്രസ്താവിച്ചതു പരിപൂർണ്ണമായ ക്രിസ്തീയ ഐക്യത്തെ ഉദ്ദേശിച്ചുകൊണ്ടാകുന്നു. "വിശ്വാസം" എന്നതിൽ ഏതെല്ലാം സംഗതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു ആരംഭത്തിൽ പ്രസ്താവിച്ചതാണല്ലോ.

വിഭിന്നസഭകൾ ഓരോന്നും അതതിന്റെ പ്രത്യേക വിശ്വാസം പാലിച്ചുകൊണ്ട് പ്രത്യേക സംഘടനയായി നില്ക്കുകയും, അന്യോന്യസ്നേഹത്തോടെ വർത്തിക്കുകയും ചെയ്താൽ അതു ക്രിസ്തീയ ഐക്യം ആയിരിക്കുന്നതല്ല. സാമുദായികവും രാഷ്ട്രീയവും ആയ സംഗതികളിൽ ചിലപ്പോൾ ക്രിസ്ത്യാനികളെല്ലാവരും യോജിച്ചു പ്രവർത്തിക്കാറുണ്ട്. എല്ലാവരും സ്വീകരിക്കുന്ന ഏതെങ്കിലുമൊരു മതതത്വത്തെ പ്രതിയും ഇപ്രകാരം പ്രവർത്തിച്ചെന്നുവരാം. പക്ഷെ അതു ക്രിസ്തീയ ഐക്യമാകുന്നതല്ല. അതുപോലെയുള്ള യോജിപ്പിൽ ഹിന്ദുക്കളും മഹമ്മദീയരും ക്രിസ്ത്യാനികളുടെ കൂടെ പങ്കെടുത്തെന്നു വരാവുന്നതാണ്.

യഥാർത്ഥമായ ക്രിസ്തീയ ഐക്യത്തിൽ വിശ്വാസം സംബന്ധമായി വിട്ടുവീഴ്ചക്കോ ഒത്തുതീർപ്പിനോ സ്ഥാനമില്ലെന്നു ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ. വിട്ടുവീഴ്ച ചെയ്യുകയോ ഒത്തുതീർപ്പുണ്ടാക്കുകയോ ചെയ്യുന്നവർ വിശ്വാസസംഹിതയെ ഭേദപ്പെടുത്തുന്നവരും മ്ശിഹായുടെ ഉപദേശത്തെ നിരാകരിക്കുന്നവരും, സത്യത്തോടു ബഹുമാനമില്ലാത്തവരും ആണെന്നു പ്രത്യേകം എടുത്തു പറഞ്ഞുകൊള്ളുന്നു.

## ക്രിസ്തീയ വിഭാഗങ്ങൾ.

യഥാർത്ഥമായ ക്രിസ്തീയ ഐക്യം ക്രിസ്ത്യാനികൾ പ്രാപിക്കേണ്ടതിലേക്കാണ് "പ്രാർത്ഥനാവാരം" വിശേഷവിധിയായി ലോക

മൊട്ടക്ക് ആചരിക്കപ്പെട്ടുന്നതു്. ക്രിസ്ത്യാനികൾ ഭിന്നകക്ഷികളായി നിന്നുകൊണ്ടു ഭിന്നാപദേശം ചെയ്യുകയും യോജിപ്പില്ലാതെ കഴിച്ചുകൂട്ടുകയും ചെയ്യുന്ന കാര്യം എത്ര മമ്മഭേദകം! കത്തോലിക്ക, യാക്കോബായ, മാർത്തോമ്മാ. സി. എം. എസ് ബ്രദർ, എൽ. എം. എസ്സ്, റസ്സൽ, പെന്തിക്കോസ്തു്, രക്ഷാസൈന്യം ഇങ്ങനെ എത്ര വകുപ്പുകളാണ് ഇന്നു ക്രിസ്ത്യാനികളുടെയിടയിൽ കാണപ്പെട്ടുന്നതു്! ഇവ ഓരോന്നും സത്യവിശ്വാസം പാലിക്കുന്നു എന്നും സത്യസഭയാണെന്നും സുബുദ്ധിയുള്ളവർ ആരെങ്കിലും പറയുമോ? "ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ടു്" മത്തായി. 28-20) എന്നും മററും മ്ശീഹാ അരുളിച്ചെയ്തിരിക്കുന്ന സ്ഥിതിക്കു് മ്ശിഹായുടെ വിശ്വാസവും സഭയും ക്ഷയിച്ചുപോയെന്നു പറയുക ദൈവദൂഷണപരമാണ്. സഭയെ അനുസരിക്കാത്തവൻ ചുങ്കക്കാരനെപ്പോലെയും പുറജാതിക്കാരനെപ്പോലെയും കരുതപ്പെടണമെന്നുള്ള വേദവാക്യവും (മത്താ. 18-17), തത്തുല്യങ്ങളായ വേദവാക്യങ്ങളും സഭ ദൃശ്യമായ ഒരു സ്ഥാപനമാണെന്നു വിളിച്ചുപറയുന്നു. ആകയാൽ മ്ശീഹായുടെ വിശ്വാസവും ദൃശ്യമായി അഥവാ എല്ലാവരാലും കണ്ടുപിടിക്കത്തക്കവയായി ഭൂമുഖത്തു സ്ഥിതിചെയ്യുന്നുണ്ടു്. എന്നും അവ ഭൂമുഖത്തുണ്ടായിരിക്കും. എല്ലാവരും ആ വിശ്വാസം സ്വീകരിക്കയും ആ സഭയെ ആശ്ലേഷിക്കയും ചെയ്താൽ മാത്രമേ എല്ലാവരിലും യഥാത്ഥമായ ക്രിസ്തീയ ഐക്യം സംസ്ഥാപിക്കപ്പെട്ടുകയുള്ളൂ. മ്ശിഹായുടെ വിശ്വാസമൊഴിച്ചുള്ള മററു വിശ്വാസങ്ങളെല്ലാം "പാരിൽമുളച്ചുപരന്നിട്ടുള്ള "പലതരമുപദേശ"ങ്ങൾ മാത്രമേ ആകുന്നുള്ളൂ. ക്രിസ്തീയ ഐക്യം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാവരും—മ്ശിഹായുടെ തിരുവിഷ്ടം നിർവഹിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാവരും—മ്ശീഹായുടെ വിശ്വാസസംഹിത സ്വീകരിക്കട്ടെ; മ്ശിഹാ സ്ഥാപിച്ച സഭയെ ആശ്ലേഷിക്കട്ടെ.

ക്രിസ്ത്യാനികളുടെയിടയിലുള്ള പിളപ്പ് മ്ശീഹായുടെ സഭാശരീരത്തിലുള്ള പിളപ്പാണെന്നു സ്പഷ്ടമാണല്ലൊ. സഭാശരീരത്തിലുള്ള പിളർപ്പു തിർക്കുവാൻ ഓരോ ക്രിസ്ത്യാനിക്കും കടമയുണ്ടെന്നുള്ള വാസ്തവം ആരും വിസ്മരിക്കേണ്ടതല്ല. നമ്മുടെ കടമ നിർവഹിക്കുവാൻ മ്ശീഹാ നമ്മെ ക്ഷണിക്കുന്നുണ്ടു്.

### മ്ശീഹായുടെ ആഹ്വാനം.

മ്ശീഹാ ഇപ്പോൾ നമുക്കു പ്രത്യക്ഷനാകുന്നു എന്നു വിചാരിക്കുവിൻ. എന്തായിരിക്കാം അവിടുന്നു നമ്മോടു അരുളിച്ചെയ്യുന്ന

ണ്ട്? നമ്മെ ഓരോരുത്തരേയും വിളിച്ചുകൊണ്ടു അവിടുന്നു ഇങ്ങനെ പറയും: "ഞാൻ നിനക്കുവേണ്ടി മനുഷ്യനായി അവതരിച്ചു; നിനക്കുവേണ്ടി പീഡകൾ സഹിച്ചു; നിനക്കുവേണ്ടി ഞാൻ കുരിശിൽ തറയ്ക്കപ്പെട്ടു; എന്റെ രക്തം മുഴുവനും അവസാനത്തുള്ളിവരെ നിനക്കുവേണ്ടി ഞാൻ ചൊരിഞ്ഞു; എന്റെ മുറിവുകളും ആണിപ്പഴുതുകളും നീ കാണുന്നില്ലയോ? ഇത്രയെല്ലാം ഞാൻ നിന്നെ പ്രതി സഹിച്ചു; എന്നാൽ ഞാൻ അത്യധികം സ്നേഹിക്കുന്നതും എന്റെ രക്തച്ചൊരിച്ചിലും മരണവും വഴി സ്ഥാപിച്ചതും ആയ എന്റെ സഭാശരീരത്തിൽ വന്നിരിക്കുന്ന പിളർപ്പുകൾ തീർക്കുവാൻ നീ എന്തു ചെയ്തിട്ടുണ്ട്, എന്തു ചെയ്യുന്നു, എന്തു ചെയ്യുവാൻ പോകുന്നു?...." അപ്രത്യക്ഷനെങ്കിലും മ്ശിഹാ ഈ വിധത്തിൽ നമ്മോടു സദാ സംസാരിച്ചുകൊണ്ടാണു് ഇരിക്കുന്നതു്. മ്ശിഹായുടെ സ്വരം കേൾക്കാതെയും മ്ശിഹായുടെ കല്പന നിർവഹിക്കാതെയും ഇരിക്കുന്നവൻ എത്ര നന്ദിഹീനൻ!

## തോമ്മാശ്ലീഹായുടെ അഭ്യർത്ഥന

മ്ശിഹായുടെ ശ്ലീഹായും നമ്മുടെ പിതാവും ആയ മാർ തോമ്മാ നമ്മോടാവശ്യപ്പെടുന്നതു് എന്താണെന്നു ആലോചിക്കുവിൻ: "മക്കളെ നിങ്ങളുടെ പൂർവ്വികന്മാരെ ഞാൻ സത്യവിശ്വാസികളാക്കി; ഭിന്നതയുടെ വിത്തു ഞാൻ കേരളത്തിൽ വിതച്ചില്ല: നിങ്ങൾ എന്റെ നാമത്തിൽ സ്ഥാനത്തും അസ്ഥാനത്തും അഭിമാനം കൊള്ളുന്നുണ്ടല്ലോ; എന്നാൽ എന്റേയും നിങ്ങളുടേയും നാഥനായ മ്ശിഹായുടെ ശരീരത്തിൽ നിങ്ങൾ പിളർപ്പുണ്ടാക്കിയിരിക്കുന്നു: ഇതെത്ര സങ്കടകരം! തോമ്മാക്രിസ്ത്യാനികൾ എന്നു് അഭിമാനിക്കുന്ന നിങ്ങൾ നിങ്ങളുടെ പൂർവന്മാരെ ഞാൻ പഠിപ്പിച്ചവിശ്വാസം തന്നേയാണോ സ്വീകരിച്ചിരിക്കുന്നതെന്നു് ആരായുവിൻ; ഞാൻ പഠിപ്പിച്ച വിശ്വാസം സ്വീകരിക്കാത്തവരായി നിങ്ങളുടെയിടയിലുള്ളവർ എന്റെ നാമത്തിൽ അഭിമാനം കൊള്ളുന്നതു എനിക്കു സങ്കടകരമാണു്; അങ്ങനെ നിങ്ങൾ എന്നെ അവമാനിക്കാതിരുന്നാൽ കൊള്ളാം; യഥാർത്ഥമായ ക്രിസ്തീയ ഐക്യം നിങ്ങളിൽ സ്ഥാപിക്കുവാൻ നിങ്ങളുടെ സകല കഴിവുകളും വിനിയോഗിക്കണമെന്നു നിങ്ങളുടെ പിതാവു് എന്ന നിലയിൽ നിങ്ങളോടു ഞാൻ അഭ്യർത്ഥിക്കുന്നു...." ഇങ്ങനെയെല്ലാമാണു് നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹാ നമ്മെ നോക്കി നമ്മോടു അഭ്യർത്ഥിക്കുന്നതു്.

## ഐകരൂപ്യമല്ല.

യഥാർത്ഥമായ ക്രിസ്തീയ ഐക്യം നമ്മുടെ സംസ്ക്കാരത്തി

ന്നോ സ്വാഭാവികവും ഉത്തമവും ആയ നമ്മുടെ ചാച്ചിലുകൾക്കോ വിഘാതമാകുമെന്നു ആരും ഭയപ്പെടേണ്ടതില്ല. ഒരേ ഒരു വിശ്വാസം വിവിധസംസ്ക്കാരങ്ങളോടും ആചാരവിശേഷങ്ങളോടും അഭംഗമായി കൂട്ടിയിണക്കപ്പെടാം. യഥാർത്ഥമായ വിശ്വാസസംഹിതയുടെ വിശേഷത ഇതിൽ നിന്നും ഏറെക്കുറെ നമുക്കു മനസ്സിലാക്കാവുന്നതാണു്. എന്തുകൊണ്ടെന്നാൽ നമ്മുടെ സംസ്ക്കാരങ്ങളുടേയും ഉത്തമങ്ങളായ നമ്മുടെ സ്വാഭാവിക ചാച്ചിലുകളുടേയും നാഥൻ ആരോ ആ ദൈവം തന്നെയാണു് സത്യവിശ്വാസത്തിന്റേയും നാഥൻ രണ്ടും ദൈവത്തിന്റേയാകയാൽ രണ്ടും തമ്മിൽ യോജ്യതയല്ലാതെ വിരുദ്ധതയുണ്ടാകാവുന്നതല്ല. അതിസ്വാഭാവികമായ വിശ്വാസം സ്വാഭാവികമായവയെ പുഷ്ടിപ്പെടുത്തുകയാണു്, നശിപ്പിക്കുകയല്ലാ ചെയ്യുന്നതു്. നശിപ്പിച്ചാൽ പ്രകൃതിയുടെ സൽക്രമത്തിനു യോജിക്കാത്തതും ആശാസ്യമല്ലാത്തതും ആയ ഒരുവക ഐകരൂപ്യമായിരിക്കും അതിന്റെ ഫലം.

## എന്തുചെയ്യണം.

ആകയാൽ നമ്മൾ എന്താണു് ചെയ്യേണ്ടതു്? എല്ലാക്രിസ്ത്യാനികളും ഒന്നാകേണ്ടതിനു നമ്മാലാവതു നമ്മൾ ചെയ്യണം. ഒന്നാമതായി വിനയത്തോടും, സ്ഥിരതയോടും, ദൈവതിരുമനസ്സിനോടു് യോജിച്ചുനിന്നുകൊണ്ടും, തീക്ഷ്ണമായും, ദൈവം നമ്മുടെ യാചന കേൾക്കുമെന്നു വിശ്വസിച്ചുകൊണ്ടും യഥാത്ഥമായ ക്രിസ്തീയ ഐക്യത്തിനുവേണ്ടി നമ്മൾ സദാ പ്രാത്ഥിക്കണം. രണ്ടാമതായി ഓരോരുത്തനും അവനവന്റെ ശക്തിക്കനുസൃതമായി വിശ്വാസസത്യങ്ങൾ പഠിച്ചു് അവയുടെ സാരം ഗ്രഹിക്കുവാനും സന്മനോഭാവത്തോടെ അന്യരെ അതു ഗ്രഹിപ്പിക്കുവാനും ശ്രമിക്കണം. മൂന്നാമതായി നിമ്മലജീവിതം നയിച്ചുകൊണ്ടു് എല്ലാവർക്കും മാതൃകയാകത്തക്കവണ്ണം എല്ലാവരും വ്യാപരിക്കണം—എപ്പോഴും എല്ലായിടത്തും വിനയാന്വിതമായ പ്രാത്ഥനയുടെ ആത്മാവു ചൈതന്യവും എല്ലാവരിലും കളിയാടുകയും ഓരോരുത്തനും സന്മനോഭാവത്തോടും ബഹുമാനത്തോടും കൂടി അന്യരോടു വത്തിക്കുകയും ചെയ്യട്ടെ. പ്രാത്ഥനയോടുകൂടിയുള്ള നമ്മുടെ പരിശ്രമം സഫലമാവുകതന്നെ ചെയ്യു.

> "ഞാൻ നിങ്ങളോടു പറയുന്നു: ചോദിക്കുവിൻ നിങ്ങൾക്കു തരപ്പെടും, അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും" (ലൂക്ക. 11 9) "വിശ്വസിച്ചുകൊണ്ടു പ്രാത്ഥനയിൽ യാചിക്കുന്ന ഏതു കാര്യവും നിങ്ങൾക്കു ലഭിക്കും" (മത്തായി. 21 22).

# II

# കത്തോലിക്കാസഭയിലെ ഐക്യം

## ഏകശരീരമായ സഭ

"വരങ്ങളിൽ വ്യത്യാസങ്ങളുണ്ടു്, എങ്കിലും ആത്മാവു് ഒന്നേയുള്ളൂ. ശുശ്രൂഷകളിൽ വ്യത്യാസങ്ങളുണ്ടു്, എങ്കിലും കർത്താവു് ഒരുവനേയുള്ളൂ. ശക്തിയിൽ വ്യത്യാസങ്ങളുണ്ടു്, എങ്കിലും എല്ലാവരെക്കൊണ്ടും എല്ലാം പ്രവർത്തിപ്പിക്കുന്ന ദൈവം ഒരുവനേയുള്ളൂ.... എന്നാൽ ഇവയെല്ലാം പ്രവർത്തിക്കുന്നതും താൻ ഇച്ഛിക്കുന്നതുപോലെ എല്ലാവർക്കും ഭാഗിച്ചുകൊടുക്കുന്നതും ഒരേ ആത്മാവുതന്നെയാകുന്നു. ശരീരം ഒന്നായിരിക്കയും അതിൽ പല അവയവങ്ങൾ ഉണ്ടായിരിക്കയും ചെയ്യുന്നു എങ്കിലും ശരീരത്തിന്റെ അവയവങ്ങൾ പലതായിരുന്നിട്ടും ഒരേ ശരീരമായിരിക്കുന്നതെങ്ങനെയോ അങ്ങനെതന്നെ (ആകുന്നു) മ്ശിഹായും:"

(1 കോറി 12 4–12.)

ഏകമായ സഭാശരീരത്തിന്റെ ശിരസ്സാണല്ലോ മ്ശിഹാ. ഉടലിനെയും ശിരസ്സിനേയും ഒന്നായി പരിഗണിച്ചുകൊണ്ടു് "മ്ശിഹാ" എന്നു വി. പൌലോസു് അതിനെ ഇവിടെ നാമകരണം ചെയ്തിരിക്കുന്നു. വി. പൌലോസിന്റെ ഈ വാക്യങ്ങൾ യഥാർത്ഥമായ ക്രിസ്തീയ ഐക്യത്തെപ്പററി മുമ്പു പറഞ്ഞ സംഗതികളെ ഏറെക്കുറെ ഉദാഹരണസഹിതം വിശദീകരിക്കുവാൻ പര്യാപ്തങ്ങളാണു്. ഇവയെല്ലാം മുമ്പിൽ വച്ചുകൊണ്ടു് കത്തോലിക്കാസഭയിൽ നമ്മൾ ദർശിക്കുന്ന ഐക്യം എപ്രകാരമുള്ളതാണെന്നു പരിശോധിച്ചു നോക്കാം.

## കത്തോലിക്കാസഭ.

ഭൂമുഖത്തു ഇന്നുള്ള ക്രിസ്തീയ വിഭാഗങ്ങളിൽ വച്ചു് ഏററം പ്രധാന്യമർഹിക്കുന്നതു കത്തോലിക്കാസഭയാണെന്നു എല്ലാവരും സമ്മതിക്കുന്നു. കത്തോലിക്കാസഭയിലുള്ളിടത്തോളം അംഗങ്ങൾ മററു യാതൊരു ക്രിസ്തീയ വിഭാഗത്തിലുമില്ല. ലോകത്തിൽ എല്ലാ സ്ഥലത്തും കത്തോലിക്കരുണ്ടു്. ഇൻഡ്യയിലും, അമേരിക്കയിലും, ആഫ്രിക്കായിലും, ആസ്ട്രേലിയായിലും, യൂറോപ്പിലും കത്തോലിക്കരെ ധാരാളം കാണാവുന്നതാണു്. മദ്ധ്യരേഖയിലും ധ്രുവപ്രദേശങ്ങളിലും കത്തോലിക്കർ നിവസിക്കുന്നു. ആഫ്രിക്കായിലെ വനാന്തരങ്ങളും അറേബ്യായിലെ മരുഭൂമിയും കത്തോലിക്കരുടെ അധിവാസസ്ഥലങ്ങ

ളാണ്. ഏതു ഭാഷ സംസാരിക്കുന്നവരുടെയിടയിലും, ഏതു സംസ്കാരത്തിനു വിധേയരായവരുടെ കൂടെയും, ഏതു ആചാരവിശേഷമുള്ളവരുടെ മദ്ധ്യത്തിലും അതേഭാഷയും, അതേ സംസ്കാരവും, അതേ ആചാരവിശേഷവും സ്വീകരിച്ചിട്ടുള്ള കത്തോലിക്കർ അസംഖ്യമുണ്ടു്. കത്തോലിക്കർ ഒരിടത്തും പരദേശികളല്ല. ഏതു രാഷ്ട്രത്തിലും ഭരണാധികാരികളുടെ ഗണത്തിലോ ഭരണീയരുടെ ഗണത്തിലോ കത്തോലിക്കരെ കാണുവാൻ കഴിയും. തങ്ങളുടെ വിശ്വാസത്തിനു വിരുദ്ധമല്ലാത്ത കൃഷി, കച്ചവടം, വ്യവസായം ആദിയായ ഏതു പ്രസ്ഥാനത്തിലും കത്തോലിക്കർക്കു സ്ഥാനമുണ്ടു്.

കർട്ടിനാളന്മാർ, പാത്രിയക്കീസുമാർ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ എന്നിങ്ങനെയുള്ള വൈദികശ്രേഷ്ഠന്മാർ കത്തോലിക്കാസഭയിൽ വളരെപ്പേരുണ്ടു്. ശതക്കണക്കിനു മെത്രാന്മാരും സഹസ്രക്കണക്കിനു വൈദികരും കത്തോലിക്കാസഭയുടെ ഭൂഷണമായി പരിലസിക്കുന്നു. അത്മായരുടെ സംഖ്യയാകട്ടെ നല്പതു കോടിയോളം!

ആഫ്രിക്കരും, അമേരിക്കരും, ആര്യരും, ദ്രാവിഡരും, മൊൻഗോളിയരും മലയരും, ലത്തീൻകാരും സ്ളാവുകാരും, എന്നുവേണ്ടാ സൂര്യനുകീഴുള്ള ഏതു ജനവിഭാഗത്തിൽ പെട്ടവരും ശാസ്ത്രജ്ഞന്മാരായോ, ഗവേഷണപടുക്കളായോ, രാജ്യതന്ത്രജ്ഞന്മാരായോ, ഭരണമേധാവികളായോ, വൈദികശ്രേഷ്ഠന്മാരായോ, വ്യവസായികളായോ, കർഷകരായോ, കൂലിവേലക്കാരായോ കത്തോലിക്കാ സഭാമാതാവിന്റെ സന്താനങ്ങളായി വർത്തിച്ചുപോരുന്നു.

കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനാണ് റോമ്മാമാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്. കത്തോലിക്കരെല്ലാവരും മാർപ്പാപ്പായെ തങ്ങളുടെ പരമാദ്ധ്യക്ഷനായി സ്വീകരിക്കുന്നു.

ഈദൃശമായ കത്തോലിക്കാസഭയിൽ വിശ്വാസവും തദനുസൃതമായ പ്രവൃത്തിയും സംബന്ധിച്ച് എപ്രകാരമുള്ള ഐക്യമാണ് പാലിക്കപ്പെടുന്നതെന്നു ആരായുക തന്നെ,

## വിശ്വാസം ഒന്നുതന്നെ

കത്തോലിക്കാസഭയുടെ വിശ്വാസം എല്ലായിടത്തും ഒന്നുതന്നെയാണ്. തിരുവല്ലായിൽ പ്രസംഗിക്കപ്പെടുന്ന വിശ്വാസം യൂറോപ്പിലും, അമേരിക്കയിലും, ചൈനായിലും, ജപ്പാനിലും എന്നുവേണ്ടാ കത്തോലിക്കരുള്ള എല്ലായിടത്തും വ്യത്യാസം കൂടാതെ പ്രസംഗിക്കപ്പെടുന്നു. കത്തോലിക്കാസഭ പഠിപ്പിക്കുന്ന സത്യങ്ങളിൽ ഒന്നിലെങ്കിലും ആരെങ്കിലും വ്യത്യാസം വരുത്തിയാൽ ആ വ്യത്യാസം എന്താണെന്നു ഉടൻ കണ്ടുപിടിക്കപ്പെടുകയും അതു സംബന്ധിച്ച് അധി

കാരസ്ഥാധൎത്തുനിന്നു നടപടി നടത്തപ്പെടുകയും ചെയ്യുന്നു. വിശ്വാസത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തുവാനോ വിട്ടുവീഴ്ച ചെയ്യുവാനോ ഒത്തുതീർപ്പുണ്ടാക്കുവാനോ കത്തോലിക്കാസഭ ഒരിക്കലും സമ്മതിക്കുന്നതല്ല. വിശ്വാസസംഹിതയിൽ ഏതെങ്കിലും വിട്ടുവീഴ്ച ചെയ്യുന്നതായാൽ ഒരുപക്ഷെ വമ്പിച്ച ഒരു ജനവിഭാഗത്തെ മാനസാന്തരപ്പെടുത്താമെന്നു തോന്നിയാലും കത്തോലിക്കാസഭ അതിനു വഴിപ്പെടുന്നതല്ലതന്നെ. 16–ാം ശതാബ്ദത്തിൽ ഇംഗ്ലണ്ടിൽ മതവിപ്ളവമുണ്ടായി. വിശ്വാസസംഹിതയിൽ ചില വിട്ടുവീഴ്ചകൾ അനുവദിക്കാത്തപക്ഷം അവിടത്തെ ഭൂരിപക്ഷവും സഭയെ പരിത്യജിച്ചേക്കുമെന്ന ഭാവം പ്രത്യക്ഷപ്പെട്ടു. വിട്ടുവീഴ്ച ചെയ്യേണ്ടിയിരുന്നതു് പ്രബലനായ എട്ടാം ഹെൻറി രാജാവിൻെറ കാൎയ്യത്തിലായിരുന്നിട്ടും കത്തോലിക്കാസഭ ആ വിട്ടുവീഴ്ച ചെയ്തില്ലെന്നുള്ളതു ചരിത്രപ്രസിദ്ധമായ ഒരു മഹാ സംഭവമാണു്.

രാഷ്ട്രത്തിനു വിദ്യാഭ്യാസ കുത്തകവേണമെന്നു സ്വേഛാധിപതിയായ മുസ്സോലിനി വാദിച്ചു അതു സമ്മതിക്കാൻ പാടില്ലെന്നും, സമ്മതിക്കാതിരിക്കുന്നതുകൊണ്ടു് എന്തെങ്കിലും അനൎത്ഥം നേരിട്ടുകൊള്ളട്ടെ എന്നും, താൻ ഒന്നുകൊണ്ടും കുലുങ്ങുന്നതല്ലെന്നും ആണ്ടു് കാലം ചെയ്ത പതിനൊന്നാം പീയൂസു മാർപ്പാപ്പാ തദവസരത്തിൽ പ്രസ്താവിക്കയുണ്ടായതു്.

ഇതുപോലെയുള്ള ഒരു സംഭവം നമ്മുടെയിടയിലും ഈയിടെ നടന്നിട്ടുണ്ടു്. തിരുവിതാംകൂർ ഗവൎമ്മെൻറിൻെറ പ്രാഥമിക വിദ്യാഭ്യാസ നയത്തെ പ്രതിഷേധിച്ചുകൊണ്ടും കത്തോലിക്കാ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയും ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ഒരു ഇടയലേഖനം പ്രസിദ്ധീകരിക്കയുണ്ടായല്ലോ. ഇടയലേഖനം പിൻവലിക്കാത്തപക്ഷം നടപടി നടത്തുന്നതാണെന്നു ഗവൎമ്മെണ്ടിൽ നിന്നു മെത്രാനച്ചൻെറ പേർക്കു നോട്ടീസു കൊടുത്തു. എന്നാൽ ഇടയലേഖനം പിൻവലിക്കുന്നതല്ല എന്നായിരുന്നു ചങ്ങനാശ്ശേരി മെത്രാനച്ചൻ നൽകിയ മറുപടി.

വിശ്വാസം അന്യൂനമായി പാലിക്കുവാൻ ഇത്രയധികം ശ്രദ്ധ വേറെ ഏതെങ്കിലും ക്രിസ്തീയ സമൂഹത്തിൽ കാണപ്പെടുന്നുണ്ടോ എന്നു ചിന്തിക്കുവിൻ. കത്തോലിക്കാസഭയിൽ വിശ്വസിക്കുന്ന സത്യങ്ങളും അനുഷ്ടിക്കുന്ന കൂദാശകളും എല്ലായിടത്തും ഒന്നുതന്നെ. ഏതു സ്ഥലത്തുള്ള കത്തോലിക്കൻെറയും പരമാദ്ധ്യക്ഷൻ റോമ്മാ മാൎപ്പാപ്പായാണു്. വിശ്വാസം ദൈവികമാണെന്നും അഭേദ്യമാണെന്നും ഉള്ള ധാരണയാണു് കത്തോലിക്കാസഭയ്ക്കു ചൈതന്യം നൽകുന്നതു്. ഈ ധാരണയിൽ നിന്നുൽഭവിക്കുന്ന അന്യാദൃശമായ ധൈൎയ്യം പ്രതിയോഗികളെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്നു.

## കത്തോലിക്കാ മനഃസ്ഥിതി.

ഏതെങ്കിലുമൊരു സംഗതി വിശ്വാസസത്യമാണെന്നു കത്തോലിക്കാസഭ പ്രഖ്യാപനം ചെയ്യുമ്പോൾ ലോകമാസകലം വ്യാപിച്ചു കിടക്കുന്ന സഭാംഗങ്ങൾ തൽക്ഷണം അതു സ്വീകരിക്കുന്നു. പരിശുദ്ധാത്മാവിന്റെ പുറപ്പാട്, വിശുദ്ധ കുർബാനയിലെ വസ്തുഭേദം ഇങ്ങനെ മനുഷ്യബുദ്ധിയെ അതിശയിക്കുന്നവയും മനുഷ്യൻ കാണുവാനോ സ്പർശിക്കുവാനോ സാധിക്കാത്തവയും ആയ സംഗതികൾ വിശ്വാസസത്യങ്ങളാണെന്നു കത്തോലിക്കാസഭ പ്രഖ്യാപനം ചെയ്യുന്നുണ്ട്. പ്രഖ്യാപനം നടക്കുന്ന ആ ക്ഷണത്തിൽ ലോകത്തിലുള്ള കത്തോലിക്കർ മുഴുവനും ഏതു മനഃസ്ഥിതിയോടെ അതു സ്വീകരിക്കുന്നു എന്നു അറിഞ്ഞിരിക്കേണ്ടതാണ്.

## മാർപ്പാപ്പായുടെ പ്രഖ്യാപനം.

ഏതെങ്കിലുമൊരു സംഗതി വിശ്വാസ സത്യമാണെന്നു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രഖ്യാപനം ചെയ്യട്ടെ. ആ സംഗതി എത്ര ഗഹനവും മനുഷ്യന്റെ ഉച്ചാച്ചിലുകൾക്കു എത്ര പ്രതികൂലവും ആവട്ടെ, കത്തോലിക്കരെല്ലാവരും പണ്ഡിതനെന്നോ പാമരനെന്നോ ഉള്ള വ്യത്യാസം കൂടാതെ കൊച്ചുകുട്ടികളെപ്പോലെ ആ പ്രഖ്യാപനത്തിനു തലകുനിക്കും. ഓരോ കാര്യങ്ങൾ പ്രമാണിച്ചു അന്യോന്യം കലഹിക്കുകയോ യുദ്ധം ചെയ്യുകയോ ചെയ്യുന്ന കത്തോലിക്കരും കക്ഷിമാത്സര്യം മറന്നുകൊണ്ടു അഭിപ്രായവ്യത്യാസം കൂടാതെ മാർപ്പാപ്പായുടെ പ്രഖ്യാപനം സ്വീകരിക്കുന്നതാണ്. രാഷ്ട്രങ്ങളും ജനവിഭാഗങ്ങളും തമ്മിൽ ഇന്നത്തെപ്പോലെ മുമ്പൊരിക്കലും മത്സരിക്കുകയോ യുദ്ധം ചെയ്യുകയോ ഉണ്ടായിട്ടില്ല. മത്സരകക്ഷികളിൽ ഇരുഭാഗത്തും കത്തോലിക്കരുണ്ട്. എന്നാൽ മാർപ്പാപ്പായുടെ ശബ്ദം ശ്രവിക്കുന്നതോടെ അവരിൽ സാമുദായികമോ രാഷ്ട്രീയമോ ആയ ചിന്ത ഇല്ലാതാവുകയും ഒരേ ഒരു ജനമെന്നരീതിയിൽ ഇരുഭാഗത്തുമുള്ള കത്തോലിക്കർ ആ ശബ്ദത്തിനു തങ്ങളുടെ ബുദ്ധിയെ കീഴ്പ്പെടുത്തുകയും ചെയ്യുന്നു. മാർപ്പാപ്പാ തങ്ങളുടെ രാജ്യത്തിൽപെട്ടവനല്ലെന്നോ, തങ്ങളുടെ ഭാഷ പരിചയമില്ലാത്തവനാണെന്നോ തങ്ങളുടെ സംസ്കാരത്തിനും ആചാരവിശേഷത്തിനും അന്യനാണെന്നോ ഉള്ള വിചാരം ഏതെങ്കിലും സ്ഥലത്തെ കത്തോലിക്കർക്കുണ്ടാകുന്നില്ല. പ്രഖ്യാപനത്തിനുമുമ്പ് പ്രഖ്യാപനം ചെയ്യപ്പെടുന്ന സംഗതി സംബന്ധിച്ചു ഒരുപക്ഷേ അഭിപ്രായവ്യത്യാസവും കക്ഷിവഴക്കും ഉണ്ടായിരുന്നു എന്നാൽ തന്നെയും പ്രഖ്യാപനത്തിന്റെശേഷം അതൊന്നിനെയുംപ്പറ്റി കത്തോലിക്കർ ചിന്തിക്കുന്ന

തല്ല. "റോമ്മാ അരുളിച്ചെയ്തു"; സംഗതി അവസാനിച്ചു" (Roma locútacst; Causa finita est) എന്ന മനോഭാവമേ അപ്പോഴും അവരിൽ ഉണ്ടാകയുള്ളൂ. ഈ മനോഭാവമില്ലാത്തവർ ആ ക്ഷണം മുതൽ കത്തോലിക്കരല്ലതന്നെ. മററുള്ളവർ തങ്ങളുടെ കൂട്ടായ്മയിൽ നിന്നു അവരെ അകററി നിറുത്തുകയും ചെയ്യും. അവർ എത്ര പണ്ഡിതന്മാരായാലും അവരുടെ കാര്യത്തിൽ "കണ്ണടച്ചുകളയാം," എന്നുള്ള ഒരു നയം കത്തോലിക്കാസഭ ഒരിക്കലും സ്വീകരിക്കുന്നതല്ല. അവരോടോ അവരെപ്പോലെയുള്ളവരോടോ ഒത്തുതീർപ്പിനായി സഭ ഒരുങ്ങുമെന്നു കരുതുന്നതു അബദ്ധമായിരിക്കും. വിവാദവിഷയമായിത്തീരുന്ന ഒരു സംഗതി സംബന്ധിച്ച് ഏതെങ്കിലും ഖണ്ഡിത തീരുമാനം ചെയ്യുന്നതിനുള്ള സന്നദ്ധത അകത്തോലിക്കാ സഭകളിൽ എത്രമാത്രമുണ്ടെന്നു അന്വേഷിച്ചാലും. അകത്തോലിക്കാസഭകൾ ചെയ്യുന്ന തീരുമാനങ്ങൾ തൽസഭകളുടെ അംഗങ്ങൾ ഏതുവിധം സ്വീകരിക്കുമെന്നും ആരായുക ഉപകാരപ്രദമായിരിക്കും.

## എപ്രകാരമുള്ളവർ? എത്രപേർ?

മാപ്പാപ്പായുടെ ശബ്ദത്തിനു സ്വബുദ്ധിയെ പരിപൂർണ്ണമായി കീഴ്പ്പെടുത്തുന്നവർ എപ്രകാരമുള്ളവരാണെന്നും ചിന്തിക്കേണ്ടതുണ്ട്. അവർ എത്രപേരുണ്ട്?

കർദ്ദിനാളന്മാർ, പാത്രിയക്കീസുമാർ, മെത്രാപ്പോലീത്തമാർ മെത്രാന്മാർ എന്നിങ്ങനെ അനേകശതം മഹാ പണ്ഡിതന്മാരായ വൈദികശ്രേഷ്ഠന്മാർ കണ്ണുമടച്ചു മാപ്പാപ്പായ്ക്കു കീഴ്പ്പെടുന്നു. വൈദികരുടെയും അത്മായരുടെയും കാര്യം പറയേണ്ടതില്ലല്ലൊ. നാല്പതുകോടിയോളം വരുന്ന ഒരു ജനസഞ്ചയമാണ് മാപ്പാപ്പാ എന്ന ഒററ ആളെ ഈ വിധത്തിൽ അനുസരിക്കുവാൻ തയാറെടുത്തുകൊണ്ട് ഭൂമുഖത്തു നിവസിക്കുന്നത്. ചെസ്ററർട്ടൻ, ബെല്ലക്ക് ആദിയായവരെപ്പോലെയുള്ള സാഹിത്യകാരന്മാരും, ന്യൂമാനെപ്പോലെയുള്ള ഗവേഷണപടുക്കളും, ഫ്റാൻകോ ഡിവലേരാ മുതലായവരെപ്പോലെയുള്ള രാജ്യതന്ത്രജ്ഞന്മാരും, പാസ്ററിനെപ്പോലെയുള്ള മഹാ ശാസ്ത്രജ്ഞന്മാരും ഈ ഗണത്തിൽപെടുന്നു. മററു ഏതു സംഗതിയെക്കുറിച്ചും അഭിപ്രായം പ്രകടിപ്പിക്കുന്നവരും പ്രതിഷേധസ്വരമുയർത്തുന്നവരും ഈ ഒരു കാര്യത്തിൽ സംശയലേശംപോലും പ്രദർശിപ്പിക്കാതെ ആത്മാർത്ഥമായും ആന്തരികമായും മാപ്പാപ്പായുടെ ശബ്ദത്തിനു തങ്ങളെത്തന്നെ കീഴ്പ്പെടുത്തുന്നു എന്നത് വാസ്തവത്തിൽ അന്യാദൃശമായ ഒരു സംഗതിയാണ്, സംശയമില്ല:

## ആ ശബ്ദം മാത്രം.

ഇവരെല്ലാം ഈ വിധത്തിൽ പ്രവൎത്തിക്കുവാൻ എന്തുപായമാണ് മാൎപ്പാപ്പാ പ്രയോഗിക്കുന്നത്? മാൎപ്പാപ്പായിക്കു വിമാന സന്നാഹങ്ങളൊ, പടക്കപ്പലുകളോ, വലിയ തോക്കുകളോ, ററാൻങ്കുകളോ, അണുബോംബോ, വിഷവായുവോ യാതൊന്നുമില്ല. മാൎപ്പാപ്പായുടെ ശബ്ദം ഒന്നുമാത്രമാണ് ഐക്യത്തിന്റെ ഇത്ര വലിയ ഒരു പ്രകടനത്തിനു നിദാനം പത്രോസിന്റെ ശബ്ദമാണ് മാൎപ്പാപ്പായിൽ നിന്നു പുറപ്പെടുന്നതെന്നു കത്തോലിക്കൎക്കറിയാം. പത്രോസിനു പരമാധികാരമുണ്ടെന്നും, മാൎപ്പാപ്പാ പത്രോസിന്റെ പിൻഗാമിയാണെന്നും അവർ വിശ്വസിക്കുന്നു. ഈ വിശ്വാസമാണു കത്തോലിക്കരിൽ സജീവമായി പ്രവൎത്തിക്കുന്നതും അവരെ ഒന്നാക്കി നിവൎത്തിയിരിക്കുന്നതും.

നിക്കിയായിൽ കൂടിയ 318 പിതാക്കന്മാരെക്കുറിച്ചു യാക്കോബായസഭ വ്യാഴാഴ്ച നമസ്കാരത്തിൽ പാടുന്നു:

ܐܦܝܣܩܘܦܐ ܕܟܪܙܘ ܗܝܡܢܘܬܐ ܫܪܝܪܬܐ ܒܩܠܗ

ܟܠܗܘܢ ܕܫܡܥܘܢ ܐܠܦܘ ܕܠܐ ܚܪܝܢܐ

(സത്യവിശ്വാസം പ്രസംഗിച്ച ആ മെത്രാന്മാർ ശീമോന്റെ ശബ്ദത്തിൽ തൎക്കം കൂടാതെ അതു പഠിപ്പിച്ചു.) അന്നു കേൾക്കപ്പെട്ട ശീമോന്റെ ആ ശബ്ദം ഇന്നും കത്തോലിക്കർ കേൾക്കുന്നു. അകത്തോലിക്കാസഭകളിൽ ശീമോന്റെ ശബ്ദം ഈ വിധത്തിൽ കേൾക്കപ്പെടുന്നുണ്ടോ എന്നു ആലോചിച്ചാലും.

മാൎപ്പാപ്പായുടെ ശബ്ദത്തിനു കത്തോലിക്കരെല്ലാവരും തലകുനിക്കുന്നു എന്നു പറഞ്ഞതിൽ നിന്നു കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങളെപ്പററി കത്തോലിക്കർ കാൎയ്യകാരണസഹിതം പഠനം നടത്തുന്നില്ലെന്നു ആരും ധരിച്ചു വശാകരുത്. വിശ്വാസസത്യങ്ങൾ ഓരോന്നിനെപ്പററിയും പണ്ഡിതന്മാരായ കത്തോലിക്കർ അവഗാഢം ചിന്തിക്കയും കാൎയ്യകാരണസഹിതം അവയെ തെളിയിക്കയും അന്യോന്യം കൂട്ടിയിണക്കുകയും എതിർവാദങ്ങളെ ഖണ്ഡിക്കയും ചെയ്യുന്നുണ്ടെന്ന് കത്തോലിക്കരായ വേദശാസ്ത്രജ്ഞന്മാരുടെ കൃതികൾ സാക്ഷ്യം വഹിക്കുന്നു. ആ കൃതികളെ പാരായണം ചെയ്യുവിൻ. കത്തോലിക്കാസഭയുടെ വിശ്വാസസംഹിതപോലെ വാദസംശോധിതമായ ഒരു സംഹിത ലോകത്തിൽ ഒരിടത്തും ഇല്ലെന്നു അപ്പോൾ വ്യക്തമാകും. കത്തോലിക്കാസഭയുടെ സിദ്ധാന്തങ്ങളെ

കാൎയ്യകാരണസഹിതം പഠിക്കുന്ന പണ്ഡിതന്മാർ അവരുടെ വിശ്വാസത്തിൽ പൂൎവ്വാധികം ഉറപ്പുള്ളവരായിരുന്നു എന്നും പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. അകത്തോലിക്കാസഭകളിലേയും അക്രൈസ്തവമതങ്ങളിലേയും സ്ഥിതി ഇങ്ങനെയാണോ എന്നും പരിശോധിക്കുവിൻ.

### ഒരത്ഭുതം.

വിശ്വാസം സംബന്ധമായി കത്തോലിക്കാസഭയിൽ കാണുന്ന പ്രസ്തുത ഐക്യം യഥാൎത്ഥത്തിൽ ഒരു അൽഭുതം തന്നെയാണ്. സാധാരണന്മാരായ ആളുകൾ നേതാക്കന്മാരുടെ പുറകെ സാധാരണ ഓടിക്കൂടുന്നതുപോലെയല്ല കത്തോലിക്കർ മാൎപ്പാപ്പായുടെ നേതൃത്വം സ്വീകരിച്ചിരിക്കുന്നതെന്നു് ഇത്രയും പ്രസ്താവിച്ചവയിൽനിന്നു വ്യക്തമായിട്ടുണ്ട്. പലതരക്കാരും പല രാജ്യക്കാരും മഹാ വിദ്വാന്മാരും ആയ അനേക സഹസ്രം ആളുകളുടെ ബുദ്ധിയേയും ഹൃദയത്തേയും ആണ് വിദൂരസ്ഥലത്തു വസിക്കുന്ന മാർപ്പാപ്പാ തന്റെ ശബ്ദത്താൽ സംഘടിപ്പിച്ചു നിറുത്തിയിരിക്കുന്നതു്. കാണാവുന്നതോ, സ്പർശിക്കാവുന്നതോ, ഏതെങ്കിലും ലൌകികസന്തോഷത്തേയോ അഭിമാനത്തെയോ പ്രദാനം ചെയ്യുന്നതോ ആയ സംഗതിയിലല്ല ഇപ്രകാരം സംഭവിക്കുന്നതെന്നും പ്രസ്താവിക്കേണ്ടതുണ്ട്. കത്തോലിക്കാസഭ ആവശ്യപ്പെടുന്ന ചില സംഗതികൾ മനുഷ്യന്റെ ദുഷിച്ച സ്വഭാവവാസനകളെ നിഷ്ക്കരുണം പ്രതിബന്ധിക്കുന്നവയാണു്. എന്നിരുന്നാലും ബാഹ്യമായി മാത്രമല്ല, ആന്തരികമായും ആത്മാൎത്ഥമായും കത്തോലിക്കർ അവ സ്വീകരിക്കുന്നു. ആദ്ധ്യാത്മികങ്ങളിലൊ ലൌകികങ്ങളിലോ മററു സഭകളിലും മററു മതവിഭാഗങ്ങളിലും വിദ്വാന്മാരും പണ്ഡിതന്മാരും ആയ ഇത്രയധികമാളുകളുടെ ബുദ്ധിയേയും ഹൃദയത്തേയും ഈ വിധത്തിൽ നിരന്തരം യോജിപ്പിക്കുന്ന ഒരു ശബ്ദമോ ഒരു ധാൎമ്മികാധികാരമോ ഭൂമുഖത്തില്ലതന്നെ. വിശ്വാസസത്യങ്ങളെ കൂലങ്കഷമായി പഠിക്കുന്ന മഹാ പണ്ഡിതന്മാരിൽ നിന്നുപോലും അഭിപ്രായവ്യത്യാസം പുറപ്പെടുന്നില്ല, മറെറല്ലാ സംഗതികളിലും അഭിപ്രായ വ്യത്യാസം പുറപ്പെടുവിക്കുന്നവരാണ് അതിഗഹനങ്ങളും മനുഷ്യബുദ്ധിയെ അതിശയിക്കുന്നവയും ആയ വിശ്വാസസത്യങ്ങളെ കാൎയ്യകാരണസഹിതം പഠിച്ചുകൊണ്ടു് അവയെ അഭിപ്രായ വ്യത്യാസം കൂടാതെ സ്വീകരിക്കുന്നതെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ലോകചരിത്രം പരിശോധിക്കുവിൻ. ഇങ്ങനെയൊരു വസ്തുത വേറൊരിടത്തും കാണുന്നതല്ല. അതെ, സൂൎയ്യന്റെ കീഴുള്ള എല്ലാ ജനവിഭാഗങ്ങളിൽ പെട്ടവരും എല്ലാതരക്കാരും ആയ നല്ല

ളുകോടി ആളുകളുടെ സ്വതന്ത്ര ബുദ്ധിയും ഹൃദയവും, മനുഷ്യബുദ്ധിയെ അതിശയിക്കുന്നവയും പ്രവർത്തിക്കുവാൻ പ്രയാസമേറിയവയും ആയ അനേകം സംഗതികളിൽ, സജീവമായും സുസംഘടിതമായും യോജിച്ച് ഒരൊററയാളുടെ ധാർമ്മികാധികാരത്തിന് പരിപൂർണ്ണമായും എന്നാൽ സ്വതന്ത്രമായും കീഴ്പ്പെട്ട് ഒന്നായി നിലകൊള്ളുന്ന കാഴ്ച കത്തോലിക്കാ സഭയിലല്ലാതെ വേറൊരിടത്തും കാണുന്നതല്ല. വാസ്തവത്തിൽ ഇതൊരു അത്ഭുതം തന്നെയാണ്. അത്ഭുതമുള്ളിടത്ത് ദൈവത്തിന്റെ കയ്യുമുണ്ട്.

## ആധുനിക സിദ്ധാന്തങ്ങൾ.

വിശ്വാസ സംഹിത അഭംഗമായി പാലിക്കുവാൻ കത്തോലിക്കാസഭ പ്രദർശിപ്പിക്കുന്ന ശ്രദ്ധയും ഉത്സാഹവും നമ്മുടെ സവിശേഷമായ പര്യാലോചനക്കു വിഷയീഭവിക്കേണ്ടതാണ്. ഏതെങ്കിലുമൊരു നൂതന സിദ്ധാന്തം വിശ്വാസികളിൽ അസ്വാസ്ഥ്യത വരുത്തിയാൽ ഉടൻ അതേപ്പററി ചർച്ചചെയ്ത് അതു വിശ്വാസത്തിനു വിരുദ്ധമാണോ അല്ലയോ എന്നു സഭ തീരുമാനം ചെയ്യുന്നു. ആദിമസഭയിൽ നടന്നതായി മുമ്പു പ്രസ്താവിച്ചരീതിയിൽ കത്തോലിക്കാസഭ അബദ്ധ സിദ്ധാന്തങ്ങളെ അപ്പോഴപ്പോൾ ശപിച്ചുകൊണ്ടാണ് ഇരിക്കുന്നത്. സഭയുടെ തീരുമാനങ്ങളെ മുമ്പു പ്രസ്താവിച്ചതുപോലെ കത്തോലിക്കരെല്ലാവരും സ്വീകരിക്കയും ചെയ്യുന്നു. ആദിമശതാബ്ദങ്ങളിൽ നടന്ന ചില സൂനഹദോസുകളിലെ തീരുമാനങ്ങൾക്കനുസൃതമായി ആ കാലങ്ങളിൽ പ്രഖ്യാപനം ചെയ്യപ്പെട്ട സത്യങ്ങളെ വച്ചു സൂക്ഷിക്കയല്ലാതെ, ആധുനീകകാലത്തെ തിന്മകളെപ്പററി കത്തോലിക്കാ സഭ ചെയ്യുന്നതുപോലെ സജീവമായ തീരുമാനങ്ങൾ ചെയ്യുവാനുള്ള ധൈര്യമോ കരുത്തോ പുരാതനങ്ങൾ എന്ന് അഭിമാനിക്കുന്ന അകത്തോലിക്കാ സഭകളിൽ പോലും കാണപ്പെടുന്നില്ലന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. ആധുനികളായ അകത്തോലിക്കാ സഭകളുടെ കാര്യം ഇതിലും ശോചനീയമാണ്. അവിശ്വാസത്തെ കാര്യമായി മതിക്കുന്നില്ല തന്നെ! അകത്തോലിക്കാസഭകളുടെ ഈ ദുശമായ അവസ്ഥ നമുക്കു ചിന്താവിഷയമാകേണ്ടതാണ്. സജീവമായ ഒരു സഭയേയും സജീവമായ ഒരധികാരത്തെയുമാണ് മ്ശീഹാ സ്ഥാപിച്ചിട്ടുള്ളതെന്ന് ആരും വിസ്മരിക്കയില്ലല്ലോ. പ്രതികൂലശക്തികളെ എതിരിടുവാൻ സജീവമായ പ്രവർത്തനം അത്യന്താപേക്ഷിതമാണ്.

## സദാസന്നദ്ധ.

നെസ്തോറിയൻ സഭ ആദ്യത്തെ രണ്ടും, അർമ്മനായ, ഈജിപ്തായ, അബിസ്സീനിയൻ, യാക്കോബായ സഭകൾ മൂന്നും, യവനായ സഭ ഏഴും സാർവത്രിക സൂനഹദോസുകളാണ് സ്വീകരിച്ചിട്ടുള്ളത്. ഓരോ വിഭാഗക്കാരും സ്വീകരിച്ചിട്ടുള്ള ഒടുവിലത്തെ സൂനഹദോസിന്റെ ശേഷം അബദ്ധസിദ്ധാന്തങ്ങൾ ആരെങ്കിലും പഠിപ്പിക്കയോ, സത്യ വിശ്വാസം ആരെങ്കിലും നിഷേധിക്കയോ ചെയ്തിട്ടില്ലെന്നു വല്ലവർക്കും പറയുവാൻ സാധിക്കുമോ? എന്നാൽ എന്തുകൊണ്ടാണ് അങ്ങനെയുള്ള അബദ്ധങ്ങളെ പ്രസ്തുത അകത്തോലിക്കാസഭകളുടെ സാർവത്രികസൂനഹദോസുകളോ അദ്ധ്യക്ഷന്മാരോ ആദിമസഭ ശപിച്ചതു പോലെ ശപിക്കാതിരിക്കുന്നത്? നേരെമറിച്ച് കത്തോലിക്കാസഭയിലേക്കു നോക്കുവിൻ. കത്തോലിക്കാസഭയിൽ സാർവത്രികസൂനഹദോസുകളുടെ എണ്ണം ഇരുപതായി. ആവശ്യമുണ്ടെങ്കിൽ ഇനിയും കത്തോലിക്കാസഭ സാർവത്രികസൂനഹദോസുകൾ നടത്തുന്നതായിരിക്കും. അബദ്ധസിദ്ധാന്തങ്ങളെ ശപിക്കുവാനും മററും സാർവത്രികസൂനഹദോസുകളോ പരമാദ്ധ്യക്ഷനായ മാർപ്പാപ്പായോ സാഹചര്യങ്ങളുടെ സ്വഭാവമനുസരിച്ച് സദാ സന്നദ്ധമായി പ്രവർത്തിക്കുന്നു. നൂതനങ്ങളായ അബദ്ധസിദ്ധാന്തങ്ങളെ ശപിച്ചുകൊണ്ടു വിശ്വാസത്തിൽ ഐക്യം പാലിക്കുവാൻ കത്തോലിക്കാസഭ പ്രദർശിപ്പിക്കുന്നതു പോലെയുള്ള ശ്രദ്ധ അകത്തോലിക്കാസഭകൾ പ്രദർശിപ്പിക്കുന്നില്ലെന്ന് ഇപ്രകാരമുള്ള സംഗതികൾ സ്പഷ്ടമാക്കുന്നുണ്ടു്. അബദ്ധസിദ്ധാന്തങ്ങളെ ശപിക്കുവാൻ മാത്രമല്ല, ആധുനികങ്ങളായ ശാസ്ത്രീയകണ്ടുപിടുത്തങ്ങൾ നിമിത്തവും മററും വിശ്വാസസത്യങ്ങളുടെ അർത്ഥത്തെപ്പററി വല്ലവരിലും സംശയമുണ്ടാകുമ്പോൾ അവയുടെ അർത്ഥം വിശദീകരിക്കുവാനും കത്തോലിക്കാസഭ സദാ സന്നദ്ധയാണ്. വിശ്വാസസത്യങ്ങൾക്കു യാതൊരു കോട്ടവും തട്ടാത്തവിധത്തിൽ ചുററുപാടുകളനുസരിച്ച് പ്രവർത്തിക്കുന്നതിൽ കത്തോലിക്കാസഭ പ്രദർശിപ്പിക്കുന്ന വിവേകവും സാമർത്ഥ്യവും ചിന്തകന്മാരെ വിസ്മയിപ്പിക്കുന്നു. ഈ സംഗതിയിൽ അകത്തോലിക്കാസഭകളുടെ സ്ഥിതി എപ്രകാരമുള്ളതെന്നു ആരെങ്കിലും ഗൌരവപൂർവ്വം ചിന്തിച്ചിട്ടുണ്ടോ?

## വ്യത്യാസം വരുത്തുന്നില്ല.

കത്തോലിക്കാസഭ വിശ്വാസസത്യങ്ങളുടെ അർത്ഥം വിശദീകരിക്കുമ്പോഴും അബദ്ധസിദ്ധാന്തങ്ങളെ ശപിക്കുമ്പോഴും പുരാ

തനമായ വിശ്വാസത്തിൽ അംശം വ്യത്യാസം വരുത്താതെയാണ് പ്രവൎത്തിച്ചുവരുന്നതു്. ആദിമശതാബ്ദങ്ങളിൽ കത്തോലിക്കാസഭ പഠിപ്പിച്ചവയും പത്തൊൻപതാം ശതാബ്ദത്തിൽ പഠിപ്പിച്ചവയും ഭിന്നങ്ങളല്ലെന്നു സൂക്ഷ്മനിരീക്ഷണത്തിന്റെ ഫലമായി കണ്ടുഗ്രഹിച്ച ഒരു മഹാപണ്ഡിതനാണ് ജോൺ ഹെൻറി ന്യൂമാൻ. അദ്ദേഹത്തിന്റെ പരിശോധനാഫലം The Development of Christian Doctrine എന്ന പേരിൽ പുസ്തകരൂപത്തിൽ വെളിക്കുവരുന്നതിനു മുമ്പ് മനസ്സാക്ഷിയുടെ പ്രബോധനം ഹേതുവാൽ അദ്ദേഹം കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. "ന്യൂമാന്റെ മാനസാന്തര ശതാബ്ദം" കത്തോലിക്കാ ലോകമൊട്ടുക്കു കഴിഞ്ഞ സംവത്സരം (1915) സാഘോഷം കൊണ്ടാടപ്പെടുകയുണ്ടായി.

## ചില മാനസാന്തരങ്ങൾ.

കത്തോലിക്കാസഭയിലെ അന്യാദൃശമായ ഐക്യത്താൽ ആകൃഷ്ടരായി ആ സഭയുടെ ദൈവികത്വം ഗ്രഹിച്ച് അതിൽ അംഗത്വം സ്വീകരിച്ച അനവധി മഹാന്മാരെപ്പററി പ്രസ്താവിക്കാനുണ്ടു്. നമ്മുടെ നാട്ടിൽ വന്നു നമ്മിൽ പലരോടും പരിചയപ്പെട്ടിട്ടുള്ള ഒരാളാണ് ഡോക്ടർ എച്ച്. ഇ. സക്കറിയാസ് അവർകൾ. അദ്ദേഹം പ്രോട്ടസ്റ്റന്റുകാരനായി ജൎമ്മനിയിൽ ജനിച്ചു. യൂറോപ്പിലുള്ള പല പ്രോട്ടസ്റ്റന്റു മതങ്ങളെയും പരിക്ഷിച്ചു നോക്കിയ ശേഷം ഇൻഡ്യയിൽവന്നു ആൎയ്യസമാജത്തിൽ ഒരംഗമായി ചേൎന്നു. അതുകൊണ്ടും തൃപ്തിപ്പെടാതെ, കേരളത്തിൽ ഒരു പുരാതനസഭയുണ്ടെന്നുകേട്ടു ഇവിടെ എത്തി. അന്നു വലിയ തിരുമേനി മാർ ഈവാനിയൂസ് പെരുനാട്ടിൽ സന്യാസിക്കയായിരുന്നു. ഡോക്ടർ സക്കറിയാസ് പെരുനാട്ടിലെത്തി കുറെക്കാലം അവിടെ കഴിച്ചുകൂട്ടി. കോട്ടയത്തു പഴയ സെമിനാരിയിൽ വേദശാസ്ത്രം പഠിപ്പിച്ചുകൊണ്ടിരിക്കവെ ഒരവസരത്തിൽ സ്വശിഷ്യന്മാരോടു് അദ്ദേഹം പറഞ്ഞു "In God I find Trinity; in the Catholic Church Ifind unity": ദൈവത്തിൽ ത്രിത്വവും കത്തോലിക്കാസഭയിൽ ഏകത്വവും ഞാൻ ദൎശിക്കുന്നു" എന്നു്. അധികം കഴിയുന്നതിനുമുമ്പ് ഡോക്ടർ സക്കറിയാസ് [illegible]ായി. അദ്ദേഹം ഇന്നും ജീവിച്ചിരിക്കുന്നു. പഴയ സെമിനാരിയിൽവച്ച് അദ്ദേഹത്തിനു ശിഷ്യപ്പെട്ടവരിൽ ഒരാളാണ് കുറെ കൊല്ലങ്ങൾക്കുമുമ്പ് കത്തോലിക്കാസഭയിൽ പ്രവേശിച്ച ദിവ്യശ്രീ മാരേട്ടു ബ. അബ്രാഹം കത്തനാർ അവർകൾ.

വേറൊരു മഹാന്റെ മാനസാന്തരത്തെക്കുറിച്ചും സ്വല്പം പ്രതി

പാദിക്കാം. അമേരിക്കയിലെ ഒരു മഹാശാസ്ത്രജ്ഞനായ അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി, ഒരു ഈച്ചയാണ് തന്നെ കത്തോലിക്കനാക്കിയതെന്ന്. അദ്ദേഹം ഒരു ജന്തുശാസ്ത്രജ്ഞനായിരുന്നു. ഒരു ഈച്ചയെ പരിശോധിച്ചപ്പോൾ അതിന്റെ ശരീരഘടന കണ്ടു അദ്ദേഹം അത്ഭുതപ്പെട്ടു. ഇത്ര നിസ്സാരവും വിശേഷബുദ്ധിയില്ലാത്തതും ആയ ഒരു പ്രാണിക്ക് ഇത്ര വിശിഷ്ടമായ ശരീരഘടനയാണ് ദൈവം പ്രദാനം ചെയ്തിട്ടുള്ളതെങ്കിൽ, വിശേഷബുദ്ധിയുള്ള മനുഷ്യർക്കു നിത്യരക്ഷ പ്രദാനം ചെയ്യുവാൻ വേണ്ടി ദൈവം സ്ഥാപിച്ച സഭയിൽ അത്യുത്തമമായ ഒരു ഘടനാവിശേഷമുണ്ടായിരിക്കണമെന്ന് അദ്ദേഹം സകാരണം തീർച്ചപ്പെടുത്തി. തുടർന്ന് ക്രൈസ്തവസഭകളെ പരിശോധിക്കയിൽ, കത്തോലിക്കാസഭയുടെ ഘടനയും ഐക്യവും അദ്ദേഹത്തെ ബലാൽ ആകർഷിക്കയും അങ്ങനെ അദ്ദേഹം കത്തോലിക്കനാവുകയും ഉണ്ടായി. ഘടനയും ഐക്യവും എപ്പോഴും യോജിച്ചാണല്ലോ നില്ക്കുക.

ഇങ്ങനെ കത്തോലിക്കാസഭയിൽ വിശ്വാസവും ഭരണവും സംബന്ധിച്ചു പ്രശോഭിച്ചുകൊണ്ടിരിക്കുന്ന അന്യാദൃശവും അത്ഭുതകരവും ആയ ഐക്യം അനേകം ചിന്തകന്മാരെ ആ സഭയിലേക്കു ആനയിച്ചിട്ടുണ്ട്.

## ഐകരൂപ്യമല്ല.

ഇതുവരെ പ്രസ്താവിച്ച അത്ഭുതകരമായ ഐക്യം കത്തോലിക്കാസഭയിൽ അന്യാദൃശമായി പരിലസിക്കുന്നുണ്ടെങ്കിലും, അതു വ്യക്തികളുടെയും സമൂഹങ്ങളുടെയും ന്യായമായ പ്രകൃതിവാസനകളെ നശിപ്പിക്കുകയോ, ഏകത്വത്തെ അലങ്കരിക്കേണ്ടതായ വിവിധത്വത്തിനു സ്ഥാനം നൽകാതിരിക്കയോ, അനാശാസ്യമായ ഐകരൂപ്യത്തിനു വഴിതെളിക്കയോ ചെയ്യുന്നില്ല. കത്തോലിക്കാസഭ ഉൾക്കൊള്ളുന്ന റീത്തുകളും സന്യാസസമൂഹങ്ങളും, ഭക്തസമാജങ്ങളും സംസ്കാരാചാരങ്ങളും ഈ വസ്തുതയെ വിളിച്ചറിയിക്കുന്നു.

## വിവിധ റീത്തുകൾ.

അർമ്മേനിയൻ, അബിസ്സീനിയൻ, ഈജിപ്റ്റായ, കൽദായ, മാറോനായ, ഗ്രൈനായ, ലത്തീൻ, സുറിയാനി ഇങ്ങനെ ലോകത്തിലുള്ള എല്ലാ റീത്തുകൾക്കും ആരാധനക്രമങ്ങൾക്കും കത്തോലിക്കാസഭയിൽ സ്ഥാനമുണ്ട്. ഓരോ റീത്തുകാരും അവരവരുടെ ഭാഷയിലും അവരവർക്കു പ്രത്യേകമായ ആചാരവിശേഷങ്ങളോടുകൂടിയും വി. കുർബാന അർപ്പിക്കുകയും കൂദാശകൾ അനുഷ്ഠിക്കുകയും, പ്രാർത്ഥനകൾ

നടത്തുകയും ചെയ്യുന്നു. ഓരോ വിഭാഗക്കാർക്കും പ്രത്യേകം പ്രത്യേകം വേഷഭൂഷണങ്ങളും കർമ്മാനുഷ്ഠാന വിധികളുമുണ്ട്. നമ്മുടെ നാട്ടിൽ തന്നെ കൽദായ സുറിയാനി, ലത്തീൻ, അന്തിയോക്കിയൻ സുറിയാനി എന്നീ മൂന്നു റീത്തുകൾ നടപ്പിലിരിക്കുന്നുണ്ടല്ലോ. എന്നാൽ എല്ലാ റീത്തിലും വിശ്വാസം ഒന്നുതന്നെയാണ്; എല്ലാ റീത്തിന്റേയും പരമാദ്ധ്യക്ഷൻ റോമ്മാ മാർപ്പാപ്പായുമാണ്. ഓരോ റീത്തിനും പ്രത്യേകം പ്രത്യേകം തലവന്മാരും, പ്രത്യേകം പ്രത്യേകം കാനൻ നിയമസംഹിതയും, ഒരുതരം സ്വയംഭരണ സമ്പ്രദായവും ഉണ്ടെങ്കിലും എല്ലാ റീത്തിൽപെട്ടവരും കത്തോലിക്കരാണ്, അഥവാ ഒരേ ഒരു വിശ്വാസം സ്വീകരിച്ച് ഒരേ കൂദാശകളിൽ പങ്കുകൊണ്ട്, ഒരേ ഒരു പരമാദ്ധ്യക്ഷനു—റോമ്മാ മാർപ്പാപ്പായ്ക്ക്—വിധേയരായി ജീവിക്കുന്നവരാണ് അവരെല്ലാവരും. റീത്തുകളുടെ വിവിധത്വം കത്തോലിക്കാസഭയുടെ ഐക്യത്തെ നശിപ്പിക്കാത്തതുപോലെ, കത്തോലിക്കാസഭയുടെ ഐക്യം റീത്തുകളുടെ വിവിധത്വത്തെയും നശിപ്പിക്കുന്നില്ല. എല്ലാ റീത്തുകാരും ഇങ്ങനെ യോജിച്ചു നിന്നുകൊണ്ട് ദൈവാരാധന നടത്തുന്നതും സഭാ മാതാവിനെ പരിചരിക്കുന്നതും എത്ര മനോഹരമായ കാഴ്ചയാണെന്നു ശ്രദ്ധാപൂർവ്വം ചിന്തിച്ചാലും!

## സുകരമായ മാർഗ്ഗം.

മാർ ഈവാനിയൂസ് മാർ തിയോഫിലൂസ് എന്നീ തിരുമേനിമാർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതുനിമിത്തം അന്തിയോക്കിയ സുറിയാനിറീത്തിൽ കേരളത്തിൽ ഒരു പുതിയ ഭരണഘടന ആവിർഭവിക്കുന്നതിനു ഇടയായി. ഈ റീത്തിന്റെ പ്രകൃതിയും, ഈ റീത്തിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട മാർ സെവേറിയോസ് മാർ ദിയൊസ്കോറോസ് എന്ന വന്ദ്യതിരുമേനിമാരുടേയും റമ്പാന്മാരുടേയും അനേകം വൈദികരുടേയും നിരവധി അൽമായരുടേയും നിലയും പരിഗണിക്കുന്നതായാൽ കത്തോലിക്കാസഭയുടെ ഐക്യം എപ്രകാരമുള്ളതാണെന്നു വിശദമാകാതിരിക്കയില്ല. പുനരൈക്യത്തിനു സുകരമായ മാർഗ്ഗം ഇതാ തുറന്നു കിടക്കുന്നു!

## ആദ്ധ്യാത്മികസംഘടനകൾ.

കത്തോലിക്കാസഭയിലെ സന്യാസസമൂഹങ്ങളെയും ഭക്തസമാജങ്ങളെയും കുറിച്ചു രണ്ടുവാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. "മനുഷ്യരുടെ വാസനയനുസരിച്ച് ഭക്താഭ്യാസങ്ങൾ നടത്തുവാനുള്ള മാർഗ്ഗങ്ങൾ" എന്നോ മറ്റോ ഈ സംഘടനകളെ നാമകരണം ചെയ്യാവുന്നതാണ്. ധ്യാനനിരതരായി ജീവിതം നയിക്കുവാനായിരിക്കാം ചിലരുടെ വാസന. മററുചിലർ അദ്ധ്യാപകവൃത്തി, ആതുരശുശ്രൂഷ ആദിയായവയെ അധികം സ്നേഹിക്കുന്നു. വേറെ ചിലർ വേദപ്രചാരണങ്ങൾ

ലികളിലേക്കു പ്രത്യേക ചാച്ചിലുള്ളവരാണ്. ഇങ്ങനെ പലതരത്തിലുള്ള ആദ്ധ്യാത്മികചാച്ചിലുകളുള്ളവരാണല്ലൊ മനുഷ്യർ. ഈ വാസനകളെ വികസിപ്പിച്ചു ദൈവസ്നേഹത്തിലും പരസ്നേഹത്തിലും പൂർണ്ണരാകുവാൻ അത്രേ വിവിധവേഷങ്ങളും, നിയമാവലികളും, നാമങ്ങളും സ്വീകരിച്ചിട്ടുള്ള സന്യാസസമൂഹങ്ങളും ഭക്തസമാജങ്ങളും കത്തോലിക്കാസഭയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. ഒരു രാഷ്ട്രത്തിൽ ബാങ്കു, ചിട്ടി, പരസ്പരസഹായസംഘം മുതലായവ പൌരന്മാരുടെ പുരോഗമനത്തെലാക്കാക്കി രാഷ്ട്രത്തിന്റെ അംഗീകാരത്തോടുകൂടി സ്ഥാപിച്ചിരിക്കുന്നതുപോലെ കത്തോലിക്കാസഭയിൽ പ്രസ്തുത സംഘടനകൾ ഏർപ്പെടുത്തിയിരിക്കുന്നു. ബാങ്കിലോ ചിട്ടിയിലോ ചേരുവാൻ രാഷ്ട്രം ആരെയും നിർബന്ധിക്കുന്നില്ല. ഇഷ്ടംപോലെ ആർക്കെങ്കിലും അവയിൽ ചേരാവുന്നതാണ്. രാഷ്ട്രത്തിലെ പൊതുവായ നിയമസംഹിതക്കും പുറമേ ആ നിയമസംഹിതക്കു വിരുദ്ധമല്ലാത്ത വേറെ നിയമസംഹിതയും അവയ്ക്കുണ്ടു്. ഇതുപോലെതന്നെയാണ് പ്രതിപാദ്യവിഷയമായ സംഘടനകളുടേയും നില. എല്ലാം കത്തോലിക്കാസഭയിലുള്ളവ, വിശ്വാസത്തിലും അനുസരണത്തിലും എല്ലാം ഒന്ന്. ഈ സംഘടനകളുടെ ഒരു പ്രത്യേകത അവയിൽ പ്രശോഭിക്കുന്ന അനുസരണമാണ്. വൈദികാദ്ധ്യക്ഷന്മാരോടു്, പ്രത്യേകം പരമാദ്ധ്യക്ഷനായ മാർപ്പാപ്പായോടു് ഈ സംഘടനകൾ പ്രദർശിപ്പിക്കുന്ന അനുസരണവും വിധേയത്വവും കത്തോലിക്കാസഭയുടെ ഐക്യത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. അകത്തോലിക്കാസഭാവിഭാഗങ്ങളിലുള്ള താദൃശസമൂഹങ്ങളിൽ കാണപ്പെടുന്ന അനുസരണം എപ്രകാരമുള്ളതാണെന്നു ചിന്തിച്ചാലും. മനുഷ്യസമുദായത്തിൽ നേരിടുന്ന വിവിധങ്ങളായ ആവശ്യങ്ങളെ മുൻനിറുത്തി കത്തോലിക്കാസഭയിൽ വിവിധങ്ങളായ നിരവധി സന്യസ്തസമൂഹങ്ങൾ സ്ഥാപിക്കപ്പെടുന്നു. ആദ്ധ്യാത്മികവും സമുദായികവുമായി ഈദൃശസമൂഹങ്ങൾ ലോകത്തിൽ വരുത്തികൊണ്ടിരിക്കുന്ന നന്മകൾ അവർണ്ണനീയങ്ങളാണ്, അവയെ എല്ലാം ഒരേഒരു വിശ്വാസചൈതന്യത്താൽ ഉജ്ജീവിപ്പിക്കയും നിയന്ത്രിക്കയും ചെയ്യുന്ന സജീവമായ അധികാരം കത്തോലിക്കാസഭയിൽ ഇല്ലായിരുന്നെങ്കിൽ അവ ഈവിധത്തിൽ സജീവമായി പ്രവർത്തിക്കുമായിരുന്നോ?

## സംസ്കാരാചാരങ്ങൾ

ഓരോ രാജ്യക്കാരുടേയും ജനവിഭാഗങ്ങളുടേയും സാമൂഹ്യാചാരങ്ങളെയും സംസ്കാരസമ്പത്തിനെയും നശിപ്പിക്കാതെ അവയെ പുലർത്തുകയാണ് കത്തോലിക്കാസഭ ചെയ്യുന്നതു്. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമല്ലാത്തവ എല്ലാറ്റെയും സഭ സ്വാഗതം ചെയ്യുകയും ആദ്ധ്യാത്മികമായി ഉജ്ജീവിപ്പിക്കയും ചെയ്യുന്നു.

## ഒരേ ഒരു ശരീരം

കത്തോലിക്കാസഭയുടെ ഏകത്വത്തെപ്പററി ഇത്രയും പ്രസ്താവിച്ചതു മതിയാകുമെന്നു കരുതുന്നു. ഇത്ര വിശിഷ്ടവും, അത്ഭുതകരവും, ആദർശപരവും, വേദപുസ്തകത്തിനും, സ്വബുദ്ധിക്കും അനുയോജ്യമായതും ആയ ഏകത്വം മററുസഭകളിലോ, മതവിഭാഗങ്ങളിലോ, സംഘടനകളിലോ ഇല്ലെന്നു സധൈര്യം പ്രസ്താവിച്ചുകൊള്ളട്ടെ. മനുഷ്യശരീരത്തിന്റെ വിവിധങ്ങളായ അവയവങ്ങൾ ഓരോന്നും ഓരോ പ്രവൃത്തിക്കു നിയുക്തമെങ്കിലും എല്ലാം ഒരേ ഒരു ആത്മാവിനാൽ ഉജ്ജീവിപ്പിക്കപ്പെട്ട ഒരേ ഒരു ശരീരമായി യോജിച്ചു നില്ക്കുന്നു. ഇപ്രകാരം തന്നെ വിവിധ റീത്തുകാരും പ്രാദേശികവിഭാഗങ്ങളിൽ പെട്ടവരും ആയി നിരവധി സമൂഹങ്ങളും കോടിക്കണക്കിനു വ്യക്തികളും അവരവരുടെ പ്രത്യേകതകളനുസരിച്ചു പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാവരും ഒരേ ഒരു വിശ്വാസത്താലും ഒരേ ഒരു പരമാദ്ധ്യക്ഷനോടുള്ള വിധേയത്വത്താലും ഉജ്ജീവിപ്പിക്കപ്പെട്ട ഒരേ ഒരു സഭയായി യോജിച്ചുനില്ക്കുന്നു. ഈ കാഴ്ച എത്ര മനോഹരം! നിർമ്മത്സരബുദ്ധിയോടെ ചിന്തിക്കുന്ന ഏതൊരു സഹൃദയനെയാണ് ഈ കാഴ്ച ആകർഷിക്കാതിരിക്കുക? ഇതല്ലയോ യഥാർത്ഥമായ ക്രിസ്തീയ ഐക്യം?

സഭയുടെ ഏകത്വം അന്യർ സഭയുടെ ദൈവികത്വം ഗ്രഹിക്കുവാനുള്ള മാർഗ്ഗമാണെന്നു ഐക്യത്തിനു വേണ്ടിയുള്ള നമ്മുടെ കർത്താവിന്റെ പ്രാർത്ഥനയിൽ നിന്നു വിശദമാകുന്നുണ്ടു്. "നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു.." എന്ന ഭാഗം സൂക്ഷിച്ചാലും. വിശ്വാസികളുടെ ഐക്യം കാണുമ്പോൾ അവ ആരിൽ വിശ്വസിക്കുന്നുവോ ആ മ്ശിഹായെ ദൈവമാണ് അയച്ചതെന്ന് ലോകം വിശ്വസിക്കുകയും അങ്ങനെ ലോകം മ്ശിഹായെ സ്വീകരിക്കയും ചെയ്യും. മ്ശിഹായെ യഥാവിധി സ്വീകരിക്കുന്നവർ മ്ശിഹാ ദൈവമാണെന്ന് വിശ്വസിക്കയും മ്ശിഹാ സ്ഥാപിച്ചസഭ ദൈവികമാണെന്നു ഗ്രഹിച്ചു് അതിനെ ആശ്ലേഷിക്കുകയും ചെയ്യും. ലോകത്തെ ഈ വിധത്തിൽ ആകർഷിക്കത്തക്ക ഐക്യം കത്തോലിക്കാസഭ ഒന്നിൽ മാത്രമേ നമ്മൾ ദർശിക്കുന്നുള്ളു.

"ശരീരം ഒന്നായിരിക്കയും അതിൽ പല അവയവങ്ങൾ ഉണ്ടായിരിക്കയും ചെയ്യുന്നു എങ്കിലും ശരീരത്തിന്റെ അവയവങ്ങൾ പലതായിരുന്നിട്ടും ഒരു ശരീരമായിരിക്കുന്നതെങ്ങനെയോ അങ്ങനെ തന്നെ (ആകുന്നു) മ്ശിഹായും." അഥവാ കത്തോലിക്കാസഭയും. (1 കോറി 12. !

---